بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 10 | ലക്കം 23

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജൂൺ 05/ഹി.ശം 1404 ഇഹ്സാൻ 05/ഹി:ഖ 1446 ദുൽഹജ്ജ് 08

## അല്ലാഹുവിന്റെ വചനം

رَبَّنَآ اِنَّكَ مَنْ تُدْخِلِ النَّارَ فَقَدْ اَخْزَيْتَهٗ ۭ وَمَا لِلظّٰلِمِيْنَ مِنْ اَنْصَارٍ ۝ (آل عمران:193)

ഞങ്ങളുടെ നാഥാ! നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിക്കുന്നതായാൽ നീ അവനെ തീർച്ചയായും നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളാരും ഇല്ലതന്നെ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## അന്യജനതകളെ ഇസ്‌ലാമിൽ വരാൻ നിർബന്ധിതരാക്കിയത് അതിന്റെ സത്യത്തിന്റെ ആത്മാവുതന്നെയാണെന്ന് ഇംഗ്ലീഷുകാരായ വലിയ വലിയ ഗവേഷകന്മാർക്ക് അംഗീകരിക്കേണ്ടിവന്നിട്ടുണ്ട്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام ന്റെ ഉപദേശങ്ങൾ

**സൽസ്വഭാവത്തിന്റെ കറാമത്ത്:**

അല്ലാഹുവിനോടു പരിഷ്കരണമാഗ്രഹിക്കുകയും തങ്ങളുടെ ശക്തി ചെലവഴിക്കുകയും ചെയ്യുക എന്നതാണ് ഈമാനിന്റെ മാർഗം. ഹദീഥു ശരീഫിൽ വന്നിരിക്കുന്നു. ദൃഢവിശ്വാസത്തോടെ ആരാണോ ദുആ ചെയ്യാൻ കൈയുയർത്തുന്നത് അല്ലാഹു അയാളുടെ ദുആ നിഷേധിക്കുകയില്ല. അതിനാൽ അല്ലാഹുവിനോടു ചോദിക്കുക. ദൃഢവിശ്വാസത്തോടും സദുദ്ദേശ്യത്തോടുംകൂടി ചോദിക്കുക. എന്റെ ഉപദേശം വീണ്ടും ഇതുതന്നെയാണ് സൽസ്വഭാവം പ്രകടിപ്പിക്കുക എന്നത് തന്റെ കറാമത്ത് പ്രകടിപ്പിക്കലാണ്; മാനുഷികത പ്രകടിപ്പിക്കലാണ്. ഇനിയാരെങ്കിലും താൻ കറാമത്തിയാകാൻ(കറാമത്ത് കാണിക്കുന്നവനാകാൻ) ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞാൽ അപ്പോൾ ഓർത്തുകൊള്ളുവിൻ, ശയ്ത്വാൻ അവനെ വഞ്ചനയിലകപ്പെടുത്തുകയാണ്. കറാമത്ത് കൊണ്ടുള്ള ഉദ്ദേശ്യം പൊങ്ങച്ചമോ ഗർവോ ഒന്നുമല്ല. കറാമത്തുകൊണ്ട് ആളുകൾക്ക് ഇസ്‌ലാമിന്റെ സത്യതയും യാഥാർഥ്യവും മനസ്സിലാകുകയും സന്മാർഗപ്രാപ്തിഉണ്ടാകുകയും ചെയ്യുന്നു. ഞാൻ നിങ്ങളോടു വീണ്ടും പറയുകയാണ്, പൊങ്ങച്ചവും ഗർവും സൽസ്വഭാവപരമായ കറാമത്തിൽപ്പെട്ടതേയല്ല. ഇത് ശയ്ത്വാനിന്റെ ദുർബോധനമാണ്. നോക്കുക! കോടിക്കണക്കിന് മുസ്‌ലിമീങ്ങളെ ലോകത്ത് വിവിധ ഭാഗങ്ങളിൽ കാണാൻ കഴിയുന്നു. ഇവരെല്ലാമുണ്ടായത് വാളിന്റെ ശക്തിയാലോ നിർബന്ധ മതപരിവർത്തനത്തിലൂടെയോ ആണോ? അല്ല. ഒരിക്കലുമല്ല. ഇതു ഇസ്‌ലാമിന്റെ അമാനുഷികപരമായ ആകർഷണമാണ്. അതാണ് അവരെ വലിച്ചുകൊണ്ടുവന്നത്. കറാമത്തുകൾ തരങ്ങളുടേയും ഭാഗങ്ങളുടേയുമാണ്. ഇവയ്ക്കു പുറമെ സൽസ്വഭാവപരമായ ഒരു കറാമത്തുമുണ്ട്. അത് എല്ലാ രംഗത്തും വിജയകരമാണ്. മുസ്‌ലിമീങ്ങളായവർ സത്യവാന്മാരായവരുടെ കറാമത്ത് മാത്രം നോക്കുകയും അത് സ്വാധീനം ചെലുത്തുകയും ചെയ്തു. അവർ ഇസ്‌ലാമിനെ പ്രതാപ ദൃഷ്ടിയോടെ നോക്കി. വാളിനെ നോക്കിയില്ല. അന്യ ജനതകളെ ഇസ്‌ലാമിൽ വരാൻ നിർബന്ധിതരാക്കിയത് അതിന്റെ സത്യത്തിന്റെ ആത്മാവുതന്നെയാണെന്ന് ഇംഗ്ലീഷുകാരായ വലിയ വലിയ ഗവേഷകന്മാർക്ക് അംഗീകരിക്കേണ്ടിവന്നിട്ടുണ്ട്. (മൽഫൂദാത്ത് വാള്യം 1, പേജ് 125)

## എല്ലാ ഓരോ ഇനത്തിലുളളവർക്കും അവരുടെ ഇനത്തിലുളളവയ്ക്കുമാത്രമെ മോക്ഷം നല്കാൻ സാധിക്കുകയുള്ളു. കാരണം അവരിൽനിന്നുളളവരാണ് അവർക്ക് മാതൃകയാകുന്നത്. അതുകൊണ്ട് മനുഷ്യനുപുറമെ മറ്റു ഇനക്കാർക്ക് റസൂൽ എന്ന നിലയിൽ മനുഷ്യരിൽ വരാൻ സാധിക്കുകയില്ല. കാരണം അവർ ഇവർക്ക് മാതൃകയായിത്തീരുകയില്ല.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنه സൂറ ബനീ ഇസ്റാഈലിലെ 95, 96–ാമത്തെ വചനങ്ങളായ **വമാ മനഅന്നാസ അൻയ്യുഅ്മിനൂ ഇദ് ജാഅഹുമുൽഹുദാ ഇല്ലാ അൻ ഖാലൂ അബഅഥല്ലാഹു ബശരർറസൂലൻ-ഖുല്ലൗകാന ഫിൽഅർളി മലാഇക്കത്തുൻ യ്യംശൂന മുത്വമഇന്നീന ലനസ്സൽനാ അലയ്ഹിം മിനസ്സമാഇ മലക്കർറസൂലൻ** (മനുഷ്യർക്ക് സന്മാർഗം വന്നു കിട്ടിയപ്പോൾ അത് വിശ്വസിക്കുന്നതിന് തടസ്സമായി നിന്നിരുന്നത്, ഒരു മനുഷ്യനെയാണോ അല്ലാഹു ദൈവദൂതനായി നിയോഗിച്ചിരിക്കുന്നത് എന്ന് അവർ ചോദിക്കുന്നുവെന്നതാണ്. പറയുക, ഭൂമിയിൽ ശാന്തരായി നടക്കുന്ന മലക്കുകൾ ഉണ്ടായിരുന്നെങ്കിൽ നാം അവർക്ക് ആകാശത്തുനിന്ന് ഒരു മലക്കിനെ ദൂതനായി ഇറക്കുമായിരുന്നു) എന്ന 95–ാമത്തെ ആയത്തിന്റെ തഫ്സീറിൽ ഹുദൂർ പറയുന്നു:

“ഞാൻ ഒരു മനുഷ്യനായ റസൂലാണെന്ന് ആദ്യത്തെ ആയത്തിൽ പറഞ്ഞിരുന്നു. അതിനെക്കാളുപരി എനിക്കൊരു വാദവുമില്ല. ഇപ്പോൾ ഈ ആയത്തിൽ പറയപ്പെട്ടിരിക്കുന്നത്, പ്രവാചകന്മാരുടെമേൽ വലിയ വലിയ ആക്ഷേപങ്ങളുണ്ടാകുന്നു. അവയിലൊന്ന് അദ്ദേഹം മനുഷ്യനായ ദൂതനാകുന്നു എന്നതാണ്. ഇത് ഒരു ആക്ഷേപമല്ല. പ്രത്യുത ഈ വാക്കുകളിൽ പലതരത്തിലുള്ള ആക്ഷേപങ്ങളും വരുന്നുണ്ട്. ചിലയാളുകൾക്കുണ്ടാകുന്ന ആക്ഷേപം ഇതാണ്: വലിയ പ്രതാപവാനായ അല്ലാഹു മനുഷ്യനെ റസൂലാക്കേണ്ട ആവശ്യംതന്നെയെന്താണ്? ഇവർ ദൈവഗ്രന്ഥത്തിന്റെ ഇറക്കംതന്നെ നിഷേധിക്കുന്നവരാണ്. ചിലയാളുകൾ മനുഷ്യനായ റസൂലിനെ നിഷേധിക്കുന്നതുതന്നെ അഹങ്കാരവും പിടിവാശിയും കാരണത്താലാണ്. അതായത് അവർ പറയുന്നത് ഞങ്ങളും ഇയാളെപ്പോലെ മനുഷ്യരാണ്. അല്ലാഹുവിന് വല്ല ഗ്രന്ഥവും ഇറക്കണമായിരുന്നെങ്കിൽ ഞങ്ങളിലെല്ലാവരിലും ഇറക്കിക്കൂടായിരുന്നോ? അയാളെ മാത്രം എന്തിന് പ്രത്യേകപ്പെടുത്തി! അതുകൊണ്ട് ഞങ്ങൾ അയാളെ വിശ്വസിക്കുകയില്ല. ഈയാളുകൾ ദൈവഗ്രന്ഥത്തിന്റെ ഇറക്കത്തെ അസംഭാവ്യമെന്ന് പറയുന്നില്ല. പ്രത്യുത തങ്ങളെ വലിയവരായി മനസ്സിലാക്കുന്ന കാരണത്താൽ അവരെപ്പോലുള്ള വലിയ ആളുകളിലേക്ക് അവർ പറയുന്നതനുസരിച്ച് തരംതാണ മനുഷ്യനെ സന്ദേശം നല്കി അയക്കുന്നതിനെ അംഗീകരിക്കുന്നില്ല. മൂന്നാമതൊരു സംഘം മനുഷ്യനായ റസൂലിനെ നിഷേധിക്കുന്നതിന്റെ കാരണം അവരുടെ പക്കൽ മനുഷ്യൻ തന്റെ സത്തയിൽ സമ്പൂർണനാണ്. ഒരു മനുഷ്യനും ഇൽഹാമിന്റെ ആവശ്യമില്ല. കാരണം തന്റെ സ്വന്തം കഴിവുകൊണ്ട് അവന് തനിക്കുവേണ്ടി ശരിയായ മാർഗം അന്വേഷിച്ച് കണ്ടെത്താൻ കഴിയും. നാലാമതൊരു സംഘം മനുഷ്യനായ റസൂലിനെ നിഷേധിക്കുന്നതിന്റെ കാരണം അവരുടെ പക്കൽ റസൂലിന് മനുഷ്യനെക്കാളധികം ശക്തികളുടെ ആവശ്യമുണ്ട്. അവരുടെ മുമ്പിൽ ദുർബലരിൽ ദുർബലനായ ഒരുവനെ മനുഷ്യന്നതീതമായ ശക്തികൾ ഉൾക്കൊള്ളുന്നയാളാണെന്ന് പറഞ്ഞ് സമർപിച്ചാൽ ക്ഷണത്തിൽ

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി ആദരണീയരായ സ്വഹാബത്തിനെ മുഅ്ത്ത യുദ്ധത്തിന്റെ അവസ്ഥകളും സംഭവങ്ങളും അറിയിച്ചുകൊണ്ട് ഹദ്റത്ത് ഖാലിദിന്റെ കാര്യം വന്നപ്പോൾ തന്റെ അനുഗൃഹീത വിരൽ ഉയർത്തി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവേ, ഇത് നിന്റെ വാളുകളിൽനിന്നുള്ള ഒരു വാളാണ്. അതിനാൽ നീ ഇതിനെ സഹായിക്കേണമേ.' അന്നുമുതൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് സയ്ഫുല്ലാഹ് എന്ന് വിളിക്കപ്പെടാൻ തുടങ്ങി, അതായത് അല്ലാഹുവിന്റെ വാൾ.**

**അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ കുതിരയുടെ കുതികാൽ വെട്ടിമാറ്റിയ ആദ്യത്തെ മുസ്‌ലിം ഹദ്റത്ത് ജഅ്ഫർرضی اللہ عنہആയിരുന്നു.**

**"ജനതകളിൽ പതാകയ്ക്ക് വലിയ ആദരവും ബഹുമാനവുമാണ് നൽകപ്പെടുന്നത്. ചിലപ്പോൾ ശത്രുക്കളിൽനിന്ന് അവരുടെ പതാക പിടിച്ചെടുക്കുന്നതിന് വലിയ ത്യാഗങ്ങൾ വാരിക്കേണ്ടിവരാറുണ്ട്. ചിലപ്പോൾ സ്വന്തം പതാക സംരക്ഷിക്കുന്നതിന് വലിയ ത്യാഗങ്ങൾ ചെയ്യേണ്ടി വരുന്നു. ഇത് ശിർക്കല്ല."**

**ഈ നേരത്ത് ഞാൻ, ഇക്കാലഘട്ടത്തിൽ, ഞാൻ അധികമധികമായി ആരാധനകളിലേക്ക് അഹ്മദികളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.**

**ലോകത്തിലെ പൊതുവായ അവസ്ഥകൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുക. ഇതു ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. പ്രത്യേകിച്ചും ഇന്നത്തെ പാകിസ്താനിലെയും ഇന്ത്യയിലെയും സാഹചര്യങ്ങൾക്കുവേണ്ടി പ്രാർഥിക്കുക. അല്ലാഹു അക്രമം അവസാനിപ്പിക്കട്ടെ. മർദ്ദിതരെ സംരക്ഷിക്കട്ടെ. യുദ്ധങ്ങളിലേക്ക് നീങ്ങുന്നതിനുപകരം സമാധാനപരവും സൗഹാർദ്ദപരവുമായ രീതിയിൽ കാര്യങ്ങൾ തീരുമാനിക്കാൻ അല്ലാഹു ഗവൺമെന്റുകൾക്ക് ബുദ്ധി നൽകുമാറാകട്ടെ. അവർ അന്താരാഷ്ട്ര ഉടമ്പടികളെ മാനിക്കുന്നവരായിരിക്കുമാറാകട്ടെ.**

**മുഅ്ത്ത യുദ്ധത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും പശ്ചാത്തലത്തിൽ നബിﷺതിരുമേനി അനുഗൃഹീത ജീവചരിത്രവിവരണം. വർത്തമാനകാലത്തെ ഇന്ത്യാ പാക്കിസ്താൻ വിരോധം ഉദ്ധരിച്ച് ദുആയ്ക്കാഹ്വാനം.**

**ഖസൂർ ജില്ലയിലെ മുഹമ്മദു ആസിഫ് സാഹിബ് ശഹീദ് ബിൻ റഫീഖ് അഹ്മദ് സാഹിബ് ഓഫ് ഫലേറിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**പാകിസ്താനിൽ ഈ ഭീകരവാദം ചെയ്യുന്നവരുടെയും ജമാഅത്തിനെ എതിർക്കുന്നവരുടെയും ധൈര്യം വർധിച്ചു വരികയാണ്. അല്ലാഹു എത്രയും പെട്ടെന്ന് അവരെ പിടികൂടാനുള്ള വഴികൾ ഒരുക്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ 2025 മെയ് 2, 1404 ഹിജ്റത്ത് 02, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മുഅ്ത്ത യുദ്ധത്തെക്കുറിച്ചായിരുന്നു പ്രതിപാദിച്ചുകൊണ്ടിരുന്നത്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്രകാരമാണ്: നബിﷺതിരുമേനി അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയെ യുദ്ധത്തിന് യാത്രയാക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ കൽപ്പനയായി ഓർമവയ്ക്കേണ്ട ചില കാര്യങ്ങൾ എനിക്ക് പറഞ്ഞു തന്നാലും.' അവിടന്ന് പറഞ്ഞു: 'സുജൂദുകൾ കുറവുള്ള നഗരത്തിലായിരിക്കും നാളെ നിങ്ങളെത്തുക. അവിടെ ധാരാളമായി നിങ്ങൾ സുജൂദ് ചെയ്യുക.'

വളരെ വലിയൊരു ഉപദേശമാണിത്. ഇക്കാലഘട്ടത്തിൽ ഏതൊരു രാജ്യങ്ങളിലാണോ നമ്മൾ താമസിച്ചുകൊണ്ടിരിക്കുന്നത് ഇവിടേയും അതേ അവസ്ഥ തന്നെയാണ്. ജനങ്ങൾ അല്ലാഹുവിനെ മറന്നിരിക്കുന്നു. ഇക്കാലത്ത് അഹ്മദികൾ അധികമായി ആരാധനകളിൽ ഊന്നൽ നല്കേണ്ടതാണ്.

പിന്നീട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഇനിയും ഉപദേശം നല്കിയാലും.'

നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുക. താങ്കളാഗ്രഹിക്കുന്ന ഏതു കാര്യത്തിലും ഇത് താങ്കളുടെ സഹായിയായിരിക്കും. ദിക്റെ ഇലാഹി അഥവാ ദൈവസ്മരണ വളരെ അനിവാര്യമായ കാര്യമാണ്. പോകാനൊരുങ്ങിയ അബ്ദുല്ലാഹ്رضی اللہ عنہതിരിച്ചു വന്ന് വീണ്ടും ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അല്ലാഹു വിത്ർ ആകുന്നു. വിത്ർ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അവിടന്ന് പറഞ്ഞു: 'ചോദിച്ചു കൊണ്ടേ ഇരിക്കുകയാണോ? ഇബ്നു റവാഹേ! ഇനി മതിയാക്കൂ. താങ്കൾക്ക് നിരാശ യുണ്ടാകുമ്പോൾ, താങ്കൾ പത്തുപേരോട് തിന്മ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും ഒരാളോടു നന്മ ചെയ്യുന്നതിൽനിന്ന് പിന്തിരിയരുത്.' അതായത് ഇത്രയധികം തിന്മകൾക്കുശേഷവും അല്ലാഹുവിനുവേണ്ടി താങ്കൾ നന്മ ചെയ്യുകയാണെങ്കിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം താങ്കളുടെ ഹൃദയത്തിലുണ്ടെങ്കിൽ അല്ലാഹു തീർച്ചയായും പൊറുക്കുന്നവനാണ്. അതിനാൽ നന്മ ചെയ്യുന്നവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുന്നു. അവന്റെ കാരുണ്യം വളരെ വിശാലമാണ്. നന്മ ചെയ്യാനും തിന്മകൾ വർജിക്കാനും കഴിവതും ശ്രമിക്കുക. എല്ലാ പ്രാവശ്യവും പത്തു തിന്മ ചെയ്തതിനുശേഷം ഞാൻ ഒരു നന്മ ചെയ്തിരിക്കുന്നു എന്നു പറയുകയല്ല വേണ്ടത്. പ്രത്യുത യഥാർഥമായി പശ്ചാത്തപിക്കുന്നവൻ തിന്മകൾ ചെയ്തതിനു ശേഷം തിന്മകളിൽനിന്ന് വിട്ടു നിൽക്കാൻ ശ്രമിക്കുകയും ദൈവാനുഗ്രഹം കരസ്ഥമാക്കുന്നവനായിത്തീരാൻ നന്മകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ഏതായാലും, ഒരു നന്മ ചെയ്യുന്നതിൽനിന്ന് നീ പിന്തിരിയരുതെന്ന് നബിﷺതിരുമേനി പറഞ്ഞപ്പോൾ അബ്ദുല്ലാഹ്رضی اللہ عنہ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഇനി ഞാൻ അങ്ങയോട് ഒരു ചോദ്യവും ചോദിക്കുന്നതല്ല.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 146-147, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ആളുകൾ നബിﷺതിരുമേനി നിയമിച്ച അമീർമാരോടു യാത്ര പറഞ്ഞു. അബ്ദുല്ലാഹ് ബിൻ റവാഹرضی اللہ عنہയോട് യാത്രപറഞ്ഞപ്പോൾ അദ്ദേഹം കരയാൻ തുടങ്ങി. സ്വഹാബാക്കൾ ചോദിച്ചു: 'താങ്കളെ ഏതു കാര്യമാണ് കരയിച്ചത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹു

വാണെ സത്യം! എനിക്ക് ഈ ലോകത്തോടോ നിങ്ങളോടോ സ്നേഹമില്ല. പക്ഷേ, ഞാൻ അല്ലാഹുവിന്റെ റസൂൽﷺഅഗ്നിയെ കുറിച്ചു പറഞ്ഞിട്ടുളള ഈ ആയത്തോതുന്നത് കേട്ടിരിക്കുന്നു, അതായത് **വ ഇൻമ്മിൻകും ഇല്ലാ വാരിദുഹാ കാന അലാ റബ്ബിക്ക ഹത്മൻമ്മഖ്ളിയ്യൻ**(19:72) .

'നിങ്ങളിലാരുംതന്നെ അതിന്റെ അരികിൽ വരുന്നവരായിട്ടല്ലാതെയില്ല. ഇത് നിന്റെ നാഥന്റെ നിർബന്ധമായി വിധിക്കപ്പെട്ട ഒരു ബാധ്യതയാണ്.' അദ്ദേഹം തുടർന്നു: അതിൽ പ്രവേശിച്ചതിനുശേഷം എന്റെ മടക്കം എങ്ങനെയായിരിക്കുമെന്ന് എനിക്കറിയില്ല. വരാനിക്കുന്ന അവസ്ഥകളാണുദ്ദേശ്യം. അപ്പോൾ മുസ്ലിമീങ്ങൾ പറഞ്ഞു: 'അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകട്ടെ,. അവൻ അതിനെ നിങ്ങളിൽനിന്ന് അകറ്റിവെക്കുമാറാകട്ടെ; അതായത് തിന്മകളെ. നിങ്ങൾ നമ്മുടെയടുക്കൽ സ്വാലിഹാകുന്ന അഥവാ നല്ലവാരാകുന്ന അവസ്ഥയിൽ വരുകയും ചെയ്യുക.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 145, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

യാത്രപറഞ്ഞവരെല്ലാവരും അവർക്കുവേണ്ടി പ്രാർഥിച്ചു. ഈ ഭയമായിരുന്നു അവരിൽ. അല്ലാത്തപക്ഷം സത്യവിശ്വാസിയെ സംബന്ധിച്ച് അല്ലാഹു പറയുന്നത് അവൻ നരകത്തിൽ പോകുകയില്ലെന്നാണ്. ഇവിടെ ഉദ്ദേശ്യമിതാണ്. സത്യവിശ്വാസി നരകത്തിന്റെ പങ്ക് ഈ ലോകത്തും അവിശ്വാസികളുടെ ബുദ്ധിമുട്ടുകൾ കാരണത്താൽ അനുഭവിച്ചേക്കാം, മരിച്ചതിനുശേഷം നരകം അവരിൽനിന്ന് വളരെ അകലത്തായിരിക്കും.' സ്വഹാബത്ത് ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് പറഞ്ഞിരുന്നു, ഈ ഭൗതികപരമായ ബുദ്ധിമുട്ടുകളും അല്ലാഹു നിങ്ങളിൽനിന്ന് അകറ്റുകയും നിങ്ങൾ നല്ലവാരായിരിക്കുന്ന അവസ്ഥയിൽ വരികയും ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങളോടൊപ്പമുണ്ടാകട്ടെ.

എഴുതിയിരിക്കുന്നു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹؓജുമുഅ നമസ്കാരത്തിനുശേഷമാണ് മദീനയിൽനിന്ന് പോയത്. ഹദ്റത്ത് ഇബ്നുഅബ്ബാസിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനി ഒരു യുദ്ധനീക്കത്തിൽ മുഅ്ത്തയിലേക്ക് സ്വഹാബാക്കളെ അയച്ചു. അതിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുംؓഉണ്ടായിരുന്നു. ജുമുഅ ദിവസമായിരുന്നു. യുദ്ധനീക്കത്തിൽ ഉൾപ്പെട്ടബാക്കി സ്വഹാബാക്കൾ പുറപ്പെട്ടു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹؓപറഞ്ഞു: പിന്നാലെ വന്ന് ജുമുഅ നമസ്കാരം നബിﷺതിരുമേനിയോടൊപ്പം നമസ്കരിച്ച് അവരുടെ അടുത്തുവന്ന് ചേരുന്നതാണ്. പിന്നീട് നബിﷺതിരുമേനിയോടൊപ്പം നമസ്കരിച്ചുകൊണ്ടിരുന്നപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തെ കണ്ടിട്ട് ചോദിച്ചു, താങ്കളെ ഏതുകാര്യമാണ് താങ്കളുടെ കൂട്ടുകാരോടൊപ്പം പോകുന്നതിൽനിന്ന് തടഞ്ഞത്? അദ്ദേഹം പറഞ്ഞു: 'അങ്ങയോടൊപ്പം ജുമുഅ നമസ്കരിക്കുക എന്നത് എന്റെ ആഗ്രഹമായിരുന്നു. പിന്നീട് അവരോടൊപ്പം ചെന്ന് ചേരുക. നബിﷺതിരുമേനി പറഞ്ഞു:ഭൂമിയിലുള്ളതെല്ലാം താങ്കൾ ചെലവഴിച്ചാലും യുദ്ധനീക്കത്തോടൊപ്പം പോയവർക്കു കിട്ടുന്ന അനുഗ്രഹം താങ്കൾക്ക് പ്രാപിക്കാൻ കഴിയില്ല.*(സുനൻ അത്തുർമിദി, അബ്വാബുൽ ജുമുഅത്തി ബാബ് മാ ജാഅ ഫിസ്സഫ്രി യൗമൽ ജുമുഅത്തി ഹദീഥ് 52)* അതായത് ഞാൻ യുദ്ധത്തിൽ പങ്കെടുക്കുന്നവരെ അയച്ചപ്പോൾ ഞാൻ ജുമുഅ നമസ്കരിച്ചിട്ട് പോകാമെന്ന് താങ്കൾ പറയാതെ ക്ഷണത്തിൽ പുറപ്പെടേണ്ടതായിരുന്നു.

ആദ്യമായി മുസ്ലിമീങ്ങളോടൊപ്പം ചേർന്ന് ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ؓയുദ്ധം ചെയ്ത വിവരണവും കിട്ടുന്നുണ്ട്.ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ؓപ്രസിദ്ധനായ കുതിരപ്പടയാളിയായിരുന്നു. അദ്ദേഹവും ഈ സൈന്യത്തിലെ ഒരു സാധാരണ പടയാളിയായിരുന്നു. നബിﷺതിരുമേനി ഈ സൈന്യത്തെ സംഘടിപ്പിച്ചപ്പോൾ ഹദ്റത്ത് ഖാലിദ് ഇസ്ലാമിൽ പ്രവേശിച്ചിട്ട് മൂന്നുമാസമെ ആയിരുന്നുള്ളു.*(ഗസ്വ മുഅ്ത്ത, അല്ലാമ മുഹമ്മദ് ബാശമീൽ പേജ് 273, നഫീസ് അക്കാഡമി കറാച്ചി)*

മുസ്ലിമീങ്ങൾ മദീനയിൽനിന്ന് കുറച്ചുദൂരമെത്തിയപ്പോൾ ശത്രുക്കൾ ആ വിവരം അറിഞ്ഞു. അവർ പോരാടാൻ തയ്യാറെടുപ്പ് തുടങ്ങി. മദീനയിലെ കപടവിശ്വാസികളും യൂഹൂദികളും മുസ്ലിമീങ്ങൾ സംഘടിക്കുന്നതും അവർ ശാമിലേക്ക് മാർച്ച് ചെയ്യുന്നതും സംബന്ധിച്ച് വിവരം നല്കിയതാണെന്ന് മനസ്സിലാകുന്നു. കാരണം എതിരിൽ ക്രിസ്ത്യാനികളായിരുന്നു. അവർ തങ്ങളുടെ രക്ഷയ്ക്കുള്ള ഒരുക്കം നടത്താൻ!

അറേബ്യൻ ദ്വീപിനോടു ചേർന്ന് കിടക്കുന്ന ശാമിന്റെ തെക്കൻ പ്രദേശങ്ങളിലെ റോമക്കാരുടെ ഗവർണരായിരുന്നു ശർഹബീൽ ബിൻ അംറ്. അയാൾക്ക് റോമൻ ചാരന്മാരിൽനിന്ന് ഈ സൈന്യം പുറപ്പെട്ട വിവരംകിട്ടി. മുസ്ലിമീങ്ങൾ ശാമിലേക്ക് മാർച്ച് ചെയ്യുന്നുണ്ടെന്ന വിവരം റോക്കാരെ അറിയിക്കാൻ അയാൾ ആളെ അയച്ചു. പിന്നീട് അയാൾ റോമക്കാരുടെ സുഹൃത് ഗോത്രങ്ങളിൽനിന്ന് ശാമിന്റെ തെക്കൻ ഭാഗത്ത് സൈന്യത്തെ സംഘടിപ്പിക്കാൻ തുടങ്ങി. പിന്നീട് അയാൾ ആ നേരത്ത് സ്വന്തം സഹോദരനെ തന്റെ ചിലയാളുകളോടൊപ്പം ഇസ്ലാമിക സൈന്യത്തെ കുറിച്ച് തനിക്ക് വിവരങ്ങൾ നല്കുന്നതിന് മുന്നണിപ്പടയെന്ന നിലയിൽ അയച്ചു.*(ഗസ്വ മുഅ്ത്ത, അല്ലാമാ ബാശമീൽ, പേജ് 277-278 നഫീസ് അക്കാഡമി കറാച്ചി)*

ഇങ്ങനേയുമെഴുതിയിരിക്കുന്നു: മറുഭാഗത്ത് ശർഹബീൽ ബിൻ അംറ് ഒരു ലക്ഷത്തിലധികമാളുടെ സൈന്യം തയ്യാറാക്കി. മുസ്ലിമീങ്ങൾ വാദിയുൽഖുറായിലെത്തിയപ്പോൾ ശർഹബീൽ തന്റെ സഹോദരൻ സുദൂസിനെ 50 അന്യാരാധകരോടൊപ്പം അയച്ചു. അവർ മുസ്ലിമീങ്ങളുമായി യുദ്ധം ചെയ്തു. സുദൂസിന്റെ കൂട്ടുകാർക്ക് പരാജയമുണ്ടായി. അയാൾതന്നെയും വധിക്കപ്പെട്ടു. മുസ്ലിമീങ്ങൾ മുന്നോട്ടു നീങ്ങുകയും ശാമിലെ പ്രദേശമായ മആനിലെത്തുകയും ചെയ്തു. മുഅ്ത്തയ്ക്കുമുമ്പേ സ്ഥിതിചെയ്യുന്ന സ്ഥലമാണിത്. ഇവിടെ വെച്ച് സ്വഹാബത്തിന് ശത്രുക്കളുടെ ആധിക്യവും അവർ സംഘടിക്കുന്നതും അറിയാൻ കഴിഞ്ഞു. ഹിർഖൽ ഒരുലക്ഷം റോമക്കാരോടൊപ്പം ബൽഖാഇന്റെ പ്രദേശമായ മആബിലെത്തിയിട്ടുണ്ടെന്നും അയാളോടൊപ്പം വിവിധഗോത്രങ്ങളിൽനിന്നുളള ഒരുലക്ഷം അറബികളും ചേർന്നിട്ടുണ്ടെന്നുമുള്ള വിവരം കിട്ടി.

അല്ലാമ സർഖാനീ പറയുന്നു:ഈ ഒരു ലക്ഷത്തിന്റെ സൈന്യം ശർഹബീൽ സംഘടിപ്പിച്ചിരുന്നവരാകാൻ സാധ്യതയുണ്ട്. മുസ്ലിമീങ്ങൾ രണ്ടുരാത്രി മുആനിൽ താമസിച്ചു. അവർ ഇക്കാര്യങ്ങളിൽ ചിന്തിച്ചും ആലോചിച്ചുമിരുന്നു. തങ്ങൾ റസൂലുല്ലായ്ക്ക്ﷺകത്തെഴുതി മുഴുവൻ വിവരവും നല്കാമെന്ന് ചിലർ പറഞ്ഞു. നബിﷺതിരുമേനി കൂടുതൽ സൈന്യത്തെ അയച്ച് നമ്മെ സഹായിക്കുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കൽപ്പന നല്കുകയോ ചെയ്യുന്നതായിരിക്കും. അത് നമ്മൾ ചെയ്യുന്നതായിരിക്കും. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹؓ അവരെ മുന്നോട്ടു കുതിക്കാൻ ധൈര്യം നല്കുകയും എന്റെ ജനമേ!അല്ലാഹുവാണെ സത്യം!ഏതൊരു കാര്യമാണോ നിങ്ങൾ ഇഷ്ടപ്പെടാതത്ത് അത് കരസ്ഥമാകുന്നതിനാണ് നിങ്ങൾ പുറപ്പെട്ടിരുന്നത്. നിങ്ങൾ ശഹാദത്തിന്റെ ആഗ്രഹംവെച്ചുകൊണ്ടു പുറപ്പെടുക. നമ്മൾ ജനങ്ങളോടു അംഗബലമോ ശക്തിയോ കൊണ്ടല്ല ജിഹാദ് ചെയ്യുന്നത്. അദ്ദേഹം പറഞ്ഞു, നമ്മുടെ ജിഹാദ് അംഗബലം കാരണത്താലല്ല. ശക്തികാരണത്താലുമല്ല. പ്രത്യുത ആ ദീനിന്റെ സത്യത്തോടുകൂടി അവരോടു നമ്മൾ ജിഹാദു ചെയ്യുന്നു, ഇതുകൊണ്ടാണ് രക്ഷിതാവ് നമുക്ക് അന്തസ്സ് നല്കിയിട്ടുള്ളത്. മുന്നോട്ടു കുതിക്കുക. നിങ്ങൾക്ക് രണ്ടു നന്മകളിലൊന്ന് ലഭിക്കുന്നതായിരിക്കും; ഒന്നുകിൽ വിജയം അല്ലെങ്കിൽ ശഹാദത്ത്. ഈ രണ്ടു സ്ഥാനവും മോശപ്പെട്ടതല്ല.' ആദരണീയരായ സ്വഹാബത്ത് പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ഇബ്നു റവാഹ സത്യമാണ് പറഞ്ഞത്.' സ്വഹാബത്ത് മുന്നോട്ടുനീങ്ങി. അവർ തുഖൂമുൽ ബൽഖായിലെത്തിയപ്പോൾ അവർക്ക് റോമക്കാരും അറബികളുമടങ്ങിയ ഹിർഖലിന്റെ സൈന്യത്തെ കിട്ടി. ഈ ഗ്രാമം ബൽഖാഇലെ ഗ്രാമങ്ങളിൽപ്പെട്ട ഒന്നായിരുന്നു. ഇതിനെ മുശാരിഫ്' എന്നാണ് പറയപ്പെട്ടിരുന്നത്. ശത്രുക്കൾ അടുത്തുവന്നപ്പോൾ മുസ്ലിമീങ്ങൾ 'മുഅ്ത്ത' എന്ന് വിളിക്കപ്പെടുന്ന ആ ഗ്രാമത്തിൽ മാറിപ്പോയി. അവിടെയാണ് സത്യവും അസത്യവും തമ്മിലുള്ള ഈ പോരാട്ടം നടന്നത്. മുസ്ലിമീങ്ങൾ മുശ്രിക്കീങ്ങൾക്കെതിരെ തയ്യാറെടുത്തു. ഹദ്റത്ത് അബൂഹുറയ്റؓഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം വിവരിക്കുന്നു: 'ശത്രുക്കൾ ഞങ്ങളുടെ അടുത്തുവന്നപ്പോൾ, ഇത്രയധികം ആളുകളെയും ഇത്ര മികച്ച തയ്യാറെടുപ്പുകളും ആയുധങ്ങളും കുതിരകളും പട്ടു വസ്ത്രങ്ങളും സ്വർണ്ണവുമൊരിക്കലും ഞങ്ങൾ കണ്ടിരുന്നില്ല. എന്റെ കണ്ണുകൾ പോലും മഞ്ഞളിച്ചുപോയി.' അപ്പോൾ ഹദ്റത്ത് ഥാബിത്ത് ബിൻ അഖ്റംؓഎന്നോടു ചോദിച്ചു: 'അബൂഹുറയ്റാ, താങ്കൾ വലിയ സൈന്യത്തെ അല്ലേ കണ്ടുകൊണ്ടിരിക്കുന്നത്?' ഞാൻ പറഞ്ഞു: 'അതെ.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കൾ ഞങ്ങളോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിട്ടില്ല. ഞങ്ങൾ ആളുകളുടെ എണ്ണം കൊണ്ടല്ല വിജയിച്ചത്.'

ഇബ്നു ഇസ്ഹാഖ്ؓഎഴുതിയിരിക്കുന്നു: മുശ്രിക്കീങ്ങൾക്കെതിരെ മുസ്ലിമീങ്ങൾ തയ്യാറെടുക്കുകയും സൈന്യത്തിന്റെ വലത്ത്-ഇടത്ത് ഭാഗങ്ങളിൽ മേൽനോട്ടക്കാരെ നിയമിക്കുകയും ചെയ്തു. ഹദ്റത്ത് സയ്ദിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ച് എഴുതിയിരിക്കുന്നു: 'പിന്നീടാളുകൾ പരസ്പരം പോരാടി, അവർ ശക്തമായ യുദ്ധം നടത്തി. ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥؓ, നബിﷺതിരുമേനിയുടെ പതാകയുമേന്തി പോരാട്ടം നടത്തി. ഒടുവിൽ കുന്തങ്ങളുടെ കുത്തേറ്റ് രക്തസാക്ഷിത്വം വരിച്ചു.' പിന്നീട് ഹദ്റത്ത് ജഅ്ഫർ ഇസ്ലാമിന്റെ

പതാകയേന്തി പോരാട്ടം തുടർന്നു. അത് അദ്ദേഹത്തിന് തടസ്സമായപ്പോൾ ശഖ്റാഅ് എന്ന തന്റെ കുതിരയിൽനിന്നിറങ്ങി. അതിന്റെ കുതികാൽ വെട്ടി. പിന്നീട് പോരാടി രക്തസാക്ഷിത്വം വരിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ കുതിരയുടെ കുതികാൽ വെട്ടി മാറ്റിയ ആദ്യത്തെ മുസ്‌ലിം ഹദ്‌റത്ത് ജഅ്ഫർﷺആയിരുന്നു. ബനൂമുർറ ബിൻ ഔഫ് ഗോത്രത്തിൽനിന്നുള്ള ഒരാൾ മുഅ്ത്ത യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറഞ്ഞു: 'ഹദ്‌റത്ത് ജഅ്ഫറിനെ ഞാനിപ്പോഴും കാണുന്നതുപോലെ തോന്നുന്നു. അദ്ദേഹം തന്റെ കുതിരയായ ശഖ്റാഇൽ നിന്നിറങ്ങി. അതിന്റെ കുതികാൽ വെട്ടിമാറ്റി, പിന്നീട് പോരാടി രക്തസാക്ഷിത്വം വരിച്ചു. ആ സമയത്ത് അദ്ദേഹം ഈ കവിത ചൊല്ലുകയായിരുന്നു:

**യാ ഹബ്ബദൽജന്നത്തു വഖ്തിറാബുഹാ**
**ത്വയ്യിബത്തൻ വ ബാരിദാ ശറാബുഹാ**
**വർറൂമു റൂമുൻ ഖദ് ദനാ അദാബുഹാ**
**കാഫിറത്തൻ ബയീദത്തൻ അൻസാബുഹാ**
**അലയ്യ ഇദ് ലാ ഖയ്ത്തുഹാ ളിറാബുഹാ**

സ്വർഗ്ഗത്തേയും അതിന്റെ സാമീപ്യത്തേയും കുറിച്ച് എന്തു പറയാനാണ്! അതിന്റെ ജലം എത്രമാത്രം ശുദ്ധവും തണുപ്പുള്ളതുമാണ്! റോമക്കാർ, റോമക്കാർതന്നെ! അവരുടെ ശിക്ഷ അടുത്തു വന്നിരിക്കുന്നു. അവർ അവിശ്വാസികളാണ്. അവരുടെ വംശം വളരെ ദൂരത്താണ്. അവരുമായി ഞാൻ യുദ്ധം ചെയ്യുമ്പോൾ അവരെ അടിച്ചുവീഴ്ത്തേണ്ടത് എന്റെ കടമയാണ്. ഒരു നിവേദനത്തിലുണ്ട്. ഹദ്‌റത്ത് അബൂ ആമിർ വിവരിക്കുന്നു: 'ഹദ്‌റത്ത് ജഅ്ഫർﷺ ആയുധങ്ങൾ ധരിച്ച് മുശ്‌രിക്കീങ്ങളുടെമേൽ ആക്രമണം നടത്തി. ശത്രുക്കളിൽ കൂടിച്ചേരുമെന്ന് അദ്ദേഹത്തിന് ആശങ്കയുണ്ടായപ്പോൾ അദ്ദേഹം ആയുധങ്ങൾ വലിച്ചെറിഞ്ഞു. അദ്ദേഹം ശത്രുക്കളെ ആക്രമിക്കുകയും കുന്തം കൊണ്ട് പോരാടുകയും ഒടുവിൽ ശഹീദാകുകയും ചെയ്തു."

ഇബ്നു ഹിശാം നിവേദനം: ഹദ്‌റത്ത് ജഅ്ഫർ ബിൻ അബൂത്വാലിബ്ﷺതന്റെ വലതു കൈയിൽ പതാക താങ്ങി. ആ കൈ വെട്ടി മാറ്റപ്പെട്ടു. പിന്നീട് ഇടതു കൈയിൽ പതാക താങ്ങി. അതും വെട്ടി മാറ്റപ്പെട്ടു. ഒടുവിൽ അദ്ദേഹം തന്റെ കൈമുട്ടുകൾകൊണ്ട് പതാക നെഞ്ചോടു ചേർത്തുപിടിച്ചു, അങ്ങനെ ശഹീദായി. അപ്പോൾ അദ്ദേഹത്തിന് മുപ്പത്തിമൂന്ന് വയസ്സായിരുന്നു. ഈ കൈകൾക്കു പകരം അല്ലാഹു അദ്ദേഹത്തിന് രണ്ടു ചിറകുകൾ നൽകി. അദ്ദേഹത്തിന് അവകൊണ്ട് സ്വർഗത്തിൽ ഇഷ്ടപ്പെടുന്നിടത്ത് പറക്കാം. ഒരു റോമക്കാരൻ അദ്ദേഹത്തെ വെട്ടുകയും പിളർക്കുകയും ചെയ്തുവെന്നും പറയപ്പെടുന്നു.

ഇമാം ബുഖാരിയും ഇമാം ബയ്ഹഖിയും ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഞങ്ങൾ ഹദ്‌റത്ത് ജഅ്ഫറിനെ തിരഞ്ഞു. രക്തസാക്ഷികളുടെ കൂട്ടത്തിൽ അദ്ദേഹത്തെ കണ്ടു. അദ്ദേഹത്തിന്റെ ശരീരത്തിൽ കുന്തങ്ങളുടെയും അമ്പുകളുടെയും അറുപതിലധികം മുറിവുകൾ ഞങ്ങൾ കണ്ടു. മറ്റൊരു നിവേദത്തിൽ, ഞാൻ അദ്ദേഹത്തിന്റെ ശരീരത്തിൽ കുന്തത്തിന്റെയും വാളിന്റെയും അമ്പത് മുറിവുകളെണ്ണിയെന്നും പറയുന്നുണ്ട്. അവയൊന്നും അദ്ദേഹത്തിന്റെ പിൻഭാഗത്തായിരുന്നില്ല, എല്ലാം മുൻഭാഗത്തായിരുന്നു. ഹദ്‌റത്ത് ജഅ്ഫർﷺ രക്തസാക്ഷിത്വം വരിച്ചപ്പോൾ ഇസ്‌ലാമിന്റെ പതാക ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ റവാഹﷺ ഏറ്റെടുത്തു. അദ്ദേഹം തന്റെ കുതിരപ്പുറത്ത് മുന്നോട്ടുപോയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നേരത്തെ ഹദ്‌റത്ത് ജഅ്ഫറിനെക്കുറിച്ച് വിവരിച്ചതോർക്കുക. ഹദ്‌റത്ത് ജഅ്ഫറിനുശേഷം ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ റവാഹﷺകമാൻഡറായി. അദ്ദേഹത്തിന്റെ മനസ്സിൽ സംശയം, ഒരു ചെറിയ ഭയം ഉടലെടുത്തു. അപ്പോൾ അദ്ദേഹം ഈ കവിത ചൊല്ലി. അതിന്റെ തർജ്ജമ ഇപ്രകാരമാണ്:"അല്ലയോ എന്റെ മനസ്സേ! ഞാൻ സത്യം ചെയ്തിരിക്കുന്നു, നീ തീർച്ചയായും യുദ്ധക്കളത്തിലിറങ്ങും. സന്തോഷത്തോടെ ഇറങ്ങും, അല്ലെങ്കിൽ നിന്നെ നിർബന്ധിതനാക്കും. ആളുകൾ ഒരുമിച്ചുകൂടി വില്ലുകൾ ഞാണു വലിച്ചാൽ, നിനക്ക് സ്വർഗമിഷ്ടമല്ലെന്ന് ഞാൻ കാണുന്നു. വലിയ സംശയം നിനക്കുണ്ടായിരുന്നു. തുടർന്ന് കവിതയിൽത്തന്നെ അദ്ദേഹം പറഞ്ഞു: നീ ദീർഘകാലമായി ഇതിൽ സംതൃപ്തനായിരുന്നു. നീ പഴയ തോൽക്കുടത്തിൽനിന്ന് ഇറ്റുന്ന ഒരു തുള്ളിയാണ്." എന്തായാലും, ഇതു ചൊല്ലിയതിനുശേഷം അദ്ദേഹം തന്റെ കുതിരപ്പുറത്തുനിന്നിറങ്ങി. അപ്പോൾ ഹദ്‌റത്ത് ഇബ്നു ഉമർﷺഒരു എല്ലുള്ള മാംസവുമായി വന്നു പറഞ്ഞു: 'ഇതുകൊണ്ട് നിന്റെ നടുഭാഗം ബലപ്പെടുത്തുക. മാംസം കഴിക്കുന്നതിലൂടെ കുറച്ചു ശക്തി ലഭിക്കട്ടെ.' അത് വറുത്തതായിരുന്നു. ആ ദിവസങ്ങളിൽ അദ്ദേഹം ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അഭിമുഖീകരിച്ചു. അദ്ദേഹം ആ എല്ലുള്ള മാംസമെടുത്ത് കുറച്ചുഭാഗം മുറിച്ചു. അപ്പോൾ ആളുകളിൽ ഒരു ഭാഗത്ത് ഏറ്റുമുട്ടുന്ന ശബ്ദം കേട്ടു. അതായത് യുദ്ധം ആരംഭിച്ചു കഴിഞ്ഞു. വാളുകൾ വീശുന്നു. അപ്പോൾ അദ്ദേഹം തന്റെ മനസ്സിനോടു പറഞ്ഞു: 'നീ ഇപ്പോഴും ലോകത്തു തന്നെയാണോ? അദ്ദേഹം ആ എല്ല് തന്റെ കൈയിൽനിന്ന് എറിഞ്ഞു കളഞ്ഞു. നീ മാംസം കഴിക്കുന്നതിൽ മുഴുകിയിരിക്കുകയാണോ? ആളുകൾ വാളെടുത്ത് പോരാടുകയാണ്. ക്ഷണത്തിൽ അദ്ദേഹം അതെടുത്തെറിഞ്ഞ് തന്റെ വാളൂരി മുന്നോട്ടു കുതിച്ച് പോരാട്ടം തുടങ്ങി, ഒടുവിൽ ശഹീദാകുകയും ചെയ്തു. അദ്ദേഹത്തിന്റെ കൈയിൽ നിന്ന് പതാക വീണു. മുസ്‌ലിമീങ്ങളും അന്യാരാധകരും പരസ്പരം ഏറ്റുമുട്ടി. ചിലയാളുകൾ പിന്തിരിഞ്ഞു. അപ്പോൾ ഉത്ബ ബിൻ ആമിർﷺ ഉറക്കെ വിളിച്ചു പറഞ്ഞു: 'ജനങ്ങളേ, പിന്തിരിഞ്ഞ് പോരാടുന്നതിനേക്കാൾ നല്ലത് മുന്നോട്ടുപോയി പോരാടുന്നതാണ്.' അദ്ദേഹം അവരെ ആവേശം കൊള്ളിച്ചു. ഒരു നിവേദനമനുസരിച്ച് ഹദ്‌റത്ത് സയ്ദ്, ഹദ്‌റത്ത് ജഅ്ഫർ, ഹദ്‌റത്ത് അബ്ദുല്ലാഹ് റളിയല്ലാഹു അൻഹും എന്നിവരെ ഒരേ ഖബ്റിലാണ് അടക്കം ചെയ്തത്.

ഹദ്‌റത്ത് അബൂ ആമിർﷺ വിവരിക്കുന്നു: ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ റവാഹﷺശഹീദായപ്പോൾ മുസ്‌ലിമീങ്ങൾക്ക് കടുത്ത പരാജയം നേരിട്ടു. താൻ രണ്ടുപേരെ ഒരുമിച്ചു കണ്ടിട്ടില്ലെന്ന് അദ്ദേഹം പറയുന്നുണ്ട്. അവർ പൂർണ്ണമായും ചിതറിപ്പോയിരുന്നു. ഒരു അൻസ്വാരി പതാക ഉയർത്തി. അദ്ദേഹം ഓടിവന്ന് ആളുകളുടെ മുന്നിൽ പതാക കുത്തിനിറുത്തി. എന്നിട്ട് പറഞ്ഞു: 'ജനങ്ങളേ, എന്റെ അടുത്ത് വരൂ.' ആളുകൾ അദ്ദേഹത്തിന്റെ അടുത്ത് ഒരുമിച്ചുകൂടി. പതാക വന്നപ്പോൾ മുസ്‌ലിമീങ്ങൾ വീണ്ടും സംഘടിക്കാൻ തുടങ്ങി. അവരുടെ എണ്ണം വർധിച്ചപ്പോൾ അവർ ഹദ്‌റത്ത് ഖാലിദ് ബിൻ വലീദിന്റെﷺ അടുത്ത് പോയി. ഹദ്‌റത്ത് ഖാലിദ്ﷺ ആ അൻസ്വാരിയോടു പറഞ്ഞു: 'ഞാൻ ഇത് നിങ്ങളിൽനിന്നെടുക്കുകയില്ല. നിങ്ങളാണ് ഇതിന് കൂടുതൽ അർഹൻ.' ആ അൻസ്വാരി പറഞ്ഞു:'അല്ലാഹുവാണെ സത്യം! ഞാൻ ഇത് നിങ്ങൾക്കു വേണ്ടിയാണ് പിടിച്ചിരിക്കുന്നത്. ഞാനിതു പിടിച്ചതുതന്നെ നിങ്ങൾക്കു വേണ്ടിയാണ്.' എന്തായാലും, ഹദ്‌റത്ത് ഖാലിദിന്റെ നേതൃത്വം മുശ്‌രിക്കുകളെ പരാജയപ്പെടുത്തിയതും അല്ലാഹുവിന്റെ റസൂൽﷺ വിജയവിവരം അറിയിച്ചതുമെല്ലാം വിവരിക്കപ്പെട്ടിട്ടുണ്ട്.

എഴുതിയിരിക്കുന്നു: ഹദ്‌റത്ത് അബൂ യുസ്ർ അൻസ്വാരി വിവരിക്കുന്നു: ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ റവാഹﷺ ശഹീദായപ്പോൾ ഞാൻ ഇസ്‌ലാമിന്റെ പതാക ഹദ്‌റത്ത് ഥാബിത്ത് ബിൻ അഖ്റമിനു നൽകി. ഹദ്‌റത്ത് ഥാബിത്ത്ﷺ, ഹദ്‌റത്ത് ഖാലിദ് ബിൻ വലീദിനോട് പറഞ്ഞു: 'താങ്കളാണ് എന്നെക്കാൾ കൂടുതൽ യുദ്ധതന്ത്രങ്ങൾ അറിയുന്നത്.' അങ്ങനെ അദ്ദേഹം പതാക ഹദ്‌റത്ത് ഖാലിദ് ബിൻ വലീദിനുനൽകി. ഇബ്നു ഇസ്ഹാഖ് പറയുന്നു: ഹദ്‌റത്ത് ഖാലിദ് ബിൻ വലീദ് പതാക ഏറ്റെടുത്തപ്പോൾ അദ്ദേഹം ആളുകൾക്ക് പ്രതിരോധമൊരുക്കുകയും അവരെ ഒരുമിച്ചുകൂട്ടുകയും ചെയ്തു. പിന്നീട് അദ്ദേഹം തന്റെ സൈന്യത്തെ ഒരു വശത്ത് മാറ്റി, ശത്രുക്കൾ അവരിൽനിന്ന് പിൻവാങ്ങി, അദ്ദേഹം ആളുകളെ രക്ഷപ്പെടുത്തി തിരികെ കൊണ്ടുവന്നു. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ ഈ പിൻവാങ്ങൽ യഥാർഥത്തിൽ റോമക്കാരെ ഒഴിവാക്കാനായിരുന്നു. കാരണം ആ സമയത്ത് രണ്ടായിരത്തിലധികം മുസ്‌ലമീങ്ങൾ റോമൻ സൈന്യത്തിൽ ലയിച്ചിരുന്നു, അതായത് അവർ തികച്ചും പരസ്പരം കെട്ടിമറിഞ്ഞിരുന്നു. അതേസമയം മുസ്‌ലിമീങ്ങളുടെ മൊത്തം അംഗസംഖ്യ മൂവായിരം മാത്രമായിരുന്നു. ഈ സാഹചര്യത്തിൽ ഈ സൈനിക മുന്നേറ്റം വിജയവും സഹായവും ലഭിച്ച ഒന്നായി വിശേഷിപ്പിക്കപ്പെട്ടു. കാരണം ശത്രുക്കൾ മുസ്‌ലമീങ്ങളെ വളഞ്ഞിരുന്നു. അവർ അവരെ ആക്രമിക്കാൻ ഒരുമിച്ചു കൂടിയിരുന്നു. സാധാരണയായി അത്തരം സാഹചര്യങ്ങളിൽ എല്ലാ മുസ്‌ലിമീങ്ങളും വധിക്കപ്പെടാൻ സാധ്യതയുണ്ടായിരുന്നു. സാധ്യത അപ്രകാരമായിരുന്നുവെങ്കിലും 'അല്ലാഹു നിങ്ങൾക്ക് വിജയം നൽകുന്നതുവരെ' എന്ന നബിﷺതിരുമേനിയുടെ കൽപ്പനയ്ക്ക് വിരുദ്ധമായിരുന്നു അത്. അതിനർഥം നിങ്ങൾ രക്ഷപ്പെടുമെന്ന് മാത്രമായിരുന്നു. വിജയത്തിന് പല വ്യത്യസ്ത വശങ്ങളുണ്ട്. മിക്ക ജീവചരിത്രകാരന്മാരും എഴുതുന്നു: ഹദ്‌റത്ത് ഖാലിദും അദ്ദേഹത്തിന്റെ അനുയായികളും ശത്രുക്കളുമായി പോരാടി. ഒടുവിൽ അവരെ പരാജയപ്പെടുത്തി.

ഹദ്‌റത്ത് അബൂ ആമിർﷺ വിവരിച്ചു: ഹദ്‌റത്ത് ഖാലിദ് പതാക ഏറ്റെടുത്തപ്പോൾ അദ്ദേഹം ശത്രുക്കളുടെമേൽ ആക്രമണം നടത്തി. അല്ലാഹു ശത്രുക്കളെ വളരെ നിന്ദ്യമായി പരാജയപ്പെടുത്തി. അത്തരമൊരു പരാജയം

ഞാനൊരിക്കലും കണ്ടിരുന്നില്ല. ഏതുവരെയെന്നാൽ, മുസ്‌ലിമീങ്ങൾ അവരാഗ്രഹിച്ചതുപോലെ അവരെ കൊലപ്പെടുത്തി.

ഇതും ഒരു നിവേദനമാണ്. ഹദ്‌റത്ത് ഖാലിദിന്റെؓതന്ത്രത്തെക്കുറിച്ചുള്ള മറ്റൊരു നിവേദനവുമുണ്ട്. ഹദ്‌റത്ത് ഖാലിദിന്റെ യുദ്ധതന്ത്രത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്: ഹദ്‌റത്ത് ഖാലിദ് മുഅ്‌ത്തയിൽ സൈന്യത്തെ പുനഃസംഘടിപ്പിക്കുകയും കുതിരപ്പടയാളികളുടെ ഒരു സംഘത്തെ തിരഞ്ഞെടുക്കുകയും രാത്രിയിൽ രഹസ്യമായി തെക്കുഭാഗത്തുള്ള അറേബ്യൻ ഉപദ്വീപിലേക്ക് ഇസ്‌ലാമിക സൈന്യത്തിന് പിന്നിലായി റോമക്കാർ കാണാത്ത ഒരിടത്ത് താവളമുറപ്പിക്കാൻ അവരോടു കൽപ്പിക്കുകയും ചെയ്തു. ഹദ്‌റത്ത് ഖാലിദ്ؓ അവരോടു പല സംഘങ്ങളായി തിരിഞ്ഞ് ഇസ്‌ലാമിക സൈന്യത്തിന് പിന്നിൽനിന്ന് മുഅ്‌ത്തയിൽവരാനും വളരെ ഉച്ചത്തിൽ തക്ബീറുകൾ മുഴക്കാനും പൊടി നിറഞ്ഞ സ്ഥലങ്ങളിൽ കുതിരകളെ ഓടിക്കാനും കൽപ്പിച്ചു. അങ്ങനെ ധാരാളം പൊടിപടലങ്ങൾ ഉയരും. ഈ കാര്യങ്ങളിലൂടെ ഹദ്‌റത്ത് ഖാലിദ്ؓലക്ഷ്യമിട്ടത്, മുസ്‌ലിമീങ്ങളെ സഹായിക്കാൻ കൂടുതൽ സൈന്യം വരുന്നുണ്ടെന്ന് ശത്രുക്കൾ മനസ്സിലാക്കാനായിരുന്നു. ഹദ്‌റത്ത് ഇബ്നു ഉമർؓ വിവരിക്കുന്നു: ഹദ്‌റത്ത് ഖാലിദ്ؓ സൈന്യത്തെ പുനഃസംഘടിപ്പിക്കുമ്പോൾ സൈന്യത്തിന്റെ മുൻനിരയെ പിന്നിലേക്കും പിൻനിരയെ മുന്നിലേക്കും മാറ്റി. അതുപോലെ വലതു ഭാഗത്തെ ഇടതുഭാഗത്തേക്കും ഇടതു ഭാഗത്തെ വലതു ഭാഗത്തേക്കും മാറ്റി. ഇതുകണ്ട് ശത്രുക്കൾ അത്ഭുതപ്പെട്ടു. മുസ്‌ലിമീങ്ങൾക്ക് സഹായം ലഭിച്ചുവെന്ന് അവർ കരുതി. വ്യത്യസ്ത ആളുകൾ മുന്നോട്ട് വന്നിരിക്കുകയാണല്ലോ എന്ന് അവർ ഭയപ്പെട്ടു. അങ്ങനെ അവർ പരാജയപ്പെട്ടു.'

ഹദ്‌റത്ത് അനസ്ؓനിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺ തിരുമേനി ഹദ്‌റത്ത് സയ്ദ്, ഹദ്‌റത്ത് ജഅ്ഫർ, ഹദ്‌റത്ത് ഇബ്നു റവാഹؓഎന്നിവരുടെ ശഹാദത്ത് ആളുകൾക്ക് ഒരു വിവരവും ലഭിക്കുന്നതിനുമുമ്പേ അവരെ അറിയിച്ചു. അവിടുന്ന് പറഞ്ഞു:'സയ്ദ് പതാകയെടുത്തു. അങ്ങനെ അദ്ദേഹം ശഹീദായി. പിന്നീട് ഹദ്‌റത്ത് ജഅ്ഫർؓ പതാകയെടുത്തു. അദ്ദേഹവും ശഹീദായി. പിന്നീട് ഇബ്നു റവാഹؓ പതാക എടുത്തു. അദ്ദേഹവും ശഹീദായി.' ആ മഹാത്മാവിന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. അവിടന്ന് തുടർന്നു: 'അങ്ങനെ അല്ലാഹുവിന്റെ വാളുകളിൽനിന്നുള്ള ഒരു വാൾ പതാകയെടുത്തു. അല്ലാഹു അവർക്ക് വിജയം നൽകുകയും ചെയ്തു.' ഇത് ബുഖാരിയുടെ റിപ്പോർട്ടാണ്.

ഹദ്‌റത്ത് അബൂ ഖതാദؓ വിവരിക്കുന്നു: പിന്നീട് നബിﷺ തിരുമേനി തന്റെ അനുഗൃഹീത വിരൽ ഉയർത്തി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവേ, ഇത് നിന്റെ വാളുകളിൽനിന്നുള്ള ഒരു വാളാണ്. അതിനാൽ നീ ഇതിനെ സഹായിക്കേണമേ.' അന്നുമുതൽ ഹദ്‌റത്ത് ഖാലിദ് ബിൻ വലീദ് സയ്ഫുല്ലാഹ് എന്ന് വിളിക്കപ്പെടാൻ തുടങ്ങി, അതായത് അല്ലാഹുവിന്റെ വാൾ. ഒരു നിവേദനമനുസരിച്ച് ഈ യുദ്ധം ഏഴ് ദിവസം നീണ്ടുനിന്നു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 147-151, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫർഹങെ സീറത്ത് സയ്യിദ് ഫള്‌ലുർറഹ്മാൻ പേജ് 279), (സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി, ബാബ് ഗസ്‌വത്തു മുഅ്‌ത്ത മിൻ അർളിശ്ശാം,4260. 4262) (ഫത്ഹുൽബാരി, ഇബ്നുഹജർ, വള്യം 9, പേജ് 654, കിതാബുൽ മഗാസി, ബാബ് ഗസ്‌വത്തുൽമുഅ്‌ത്ത,ഹദീഥ് 4262)(ഗസ്‌വത്തു മുഅ്‌ത്ത, ബാശമീൽ, പേജ് 328, നഫീസ് അക്കാഡമി കറാച്ചി)(ശറഹ് സർഖാനീ വാള്യം 3, പേജ് 343, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഇതിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. അവിടന്ന് പറഞ്ഞു:'ഇസ്‌ലാമിന്റെ ഭാഗത്തുനിന്ന് ക്രൈസ്തവതയെ നേരിടാൻ പുറപ്പെട്ട ആദ്യത്തെ സൈന്യമായിരുന്നു ഇത്. ഈ സൈന്യം പേർഷ്യയുടെ അതിർത്തിയിലെത്തിയപ്പോൾ ഖയ്സറും ഇങ്ങോട്ടു വരുന്നുണ്ടെന്നും ഒരു ലക്ഷം റോമൻ സൈനികരും ഏകദേശം ഒരു ലക്ഷത്തോളം അറബ് ക്രൈസ്തവ ഗോത്രങ്ങളിലെ സൈനികരും അദ്ദേഹത്തോടൊപ്പമുണ്ടെന്നും അവർക്ക് മനസ്സിലായി. അപ്പോൾ മുസ്‌ലിമീങ്ങൾ വഴിയിൽ തങ്ങാനും നബിﷺതിരുമേനിയെ വിവരമറിയിക്കാനും ആഗ്രഹിച്ചു. അവിടന്ന് കൂടുതൽ സഹായം അയക്കണമെങ്കിൽ അയക്കട്ടെ, അല്ലെങ്കിൽ എന്തെങ്കിലും കൽപ്പന നൽകണമെങ്കിൽ അതിനെക്കുറിച്ചും അറിയിക്കട്ടെ എന്നു കരുതി. ഈ കൂടിയാലോചന നടക്കുമ്പോൾ അബ്ദുല്ലാഹ് ബിൻ റവാഹؓ ആവേശത്തോടെ എഴുന്നേറ്റു പറഞ്ഞു: 'അല്ലയോ ജനങ്ങളേ! നിങ്ങൾ നിങ്ങളുടെ വീടുകളിൽനിന്ന് ദൈവമാർഗത്തിൽ ശഹീദാകാൻ വേണ്ടിയാണല്ലോ പുറപ്പെട്ടത്. എന്തിനുവേണ്ടിയാണോ നിങ്ങൾ പുറപ്പെട്ടത്, അതിനെ ഇപ്പോൾ നിങ്ങൾ ഭയപ്പെടുന്നുവോ? ഞങ്ങൾ ഞങ്ങളുടെ എണ്ണത്തിന്റേയും ശക്തിയുടേയും ആധിക്യത്തിന്റേയും അടിസ്ഥാനത്തിലല്ല യുദ്ധം ചെയ്തിട്ടുള്ളത്. അല്ലാഹു തന്റെ അനുഗ്രഹത്താൽ നമുക്ക് അവതരിപ്പിച്ചു തന്ന ഈ ദീനിനെ സഹായിക്കാനാണ് നമ്മൾ ശത്രുക്കളോട് പോരാടിയിട്ടുള്ളത്. ശത്രുക്കൾ അധികമാണെങ്കിൽ ആയിക്കൊള്ളട്ടെ. ഒടുവിൽ രണ്ടു നന്മകളിലൊന്ന് നമുക്ക് ലഭിക്കും; ഒന്നുകിൽ നാം വിജയിക്കും, അല്ലെങ്കിൽ നാം ദൈവമാർഗത്തിൽ ശഹീദാകും.' ആളുകൾ അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ട് പറഞ്ഞു: 'ഇബ്നു റവാഹ പറഞ്ഞത് തികച്ചും സത്യമാണ്.' ഉടൻതന്നെ യാത്ര പുറപ്പെടാൻ കൽപ്പന നൽകി. അവർ മുന്നോട്ട് പോയപ്പോൾ റോമൻ സൈന്യം അവരെ ലക്ഷ്യമാക്കി വരുന്നത് അവർ കണ്ടു. അപ്പോൾ മുസ്‌ലിമീങ്ങൾ മുഅ്‌ത്ത എന്ന സ്ഥലത്ത് തങ്ങളുടെ സൈന്യത്തെ അണിനിരത്തി യുദ്ധം ആരംഭിച്ചു. അധികം താമസിയാതെ മുസ്‌ലിമീങ്ങളുടെ കമാൻഡറായിരുന്ന സയ്ദ് ബിൻ ഹാരിഥؓശഹീദായി. അപ്പോൾ ഇസ്‌ലാമിക സൈന്യത്തിന്റെ പതാക നബിﷺതിരുമേനിയുടെ പിതൃസഹോദര പുത്രനായ ജഅ്ഫർ ബിൻ അബീ ത്വാലിബ്ؓകൈകളിലേന്തി സൈന്യത്തെ നയിക്കാൻ തുടങ്ങി. ശത്രുക്കളുടെ സൈന്യം മുന്നോട്ടു കുതിക്കുകയാണെന്നും തങ്ങളുടെ എണ്ണക്കുറവ് കാരണം മുസ്‌ലിമീങ്ങൾക്ക് അവരുടെ സമ്മർദ്ദം താങ്ങാൻ കഴിയില്ലെന്നും അദ്ദേഹം കണ്ടപ്പോൾ, അദ്ദേഹം ആവേശത്തോടെ കുതിരപ്പുറത്തുനിന്ന് ചാടിയിറങ്ങി തന്റെ കുതിരയുടെ കാൽ വെട്ടിവീഴ്ത്തി. അതിന്റെ അർഥം, കുറഞ്ഞത് ഈ പോർക്കളത്തിൽ നിന്ന് ഓടിപ്പോകാൻ താൻ തയ്യാറല്ലെന്നാണ്. ഓടുന്നതിനേക്കാൾ താൻ മരണത്തെ ഇഷ്ടപ്പെടുന്നു. ഇതൊരു അറബി രീതിയായിരുന്നു. കുതിരയെ ഓടിക്കുന്നയാൾ ഇല്ലാതെ അത് അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ട് സൈന്യത്തിൽ നാശനഷ്ടം വരുത്താതിരിക്കാനും കുതിര നശിക്കാതിരിക്കാനുമായി അവർ കുതിരയുടെ കാൽ വെട്ടിക്കളയുമായിരുന്നു. അതിനാൽ അവർ ഇറങ്ങുക മാത്രമല്ല, അതിന്റെ കാൽ വെട്ടിക്കളയുകയും ചെയ്യുമായിരുന്നു. കുറച്ചുനേരത്തെ പോരാട്ടത്തിൽ അദ്ദേഹത്തിന്റെ വലതുകൈ അറ്റു വീണു. അപ്പോൾ അദ്ദേഹം ഇടതു കൈകൊണ്ട് പതാക പിടിച്ചു. പിന്നീട് അദ്ദേഹത്തിന്റെ ഇടതുകൈയും അറ്റുവീണപ്പോൾ അദ്ദേഹം തന്റെ ഇരു കൈകളുടെയും ശേഷിക്കുന്ന ഭാഗങ്ങൾ കൊണ്ട് പതാക നെഞ്ചോട് ചേർത്തുപിടിച്ച് ശഹീദയാകുന്നതുവരെ പോർക്കളത്തിൽ നിലയുറപ്പിച്ചു. പിന്നീട് അബ്ദുല്ലാഹ് ബിൻ റവാഹؓ, നബിﷺതിരുമേനിയുടെ കൽപ്പന പ്രകാരം പതാക ഏറ്റെടുത്തു, അദ്ദേഹവും ശത്രുക്കളോടുപോരാടി ശഹീദായി. അക്കാലത്ത്, മുസ്‌ലിമീങ്ങൾക്ക് കൂടിയാലോചിച്ച് ഒരു നേതാവിനെ നിയമിക്കാൻ ഒരു അവസരവുമുണ്ടായിരുന്നില്ല. ശത്രുക്കളുടെ സൈന്യത്തിന്റെ ആധിക്യം കാരണം മുസ്‌ലിമീങ്ങൾ പോർക്കളം വിട്ടുപോകാറായിരുന്ന ഘട്ടത്തിൽ, ഖാലിദ് ബിൻ വലീദ്ؓഒരു സുഹൃത്തിന്റെ പ്രേരണയാൽ പതാകയെടുത്ത് വൈകുന്നേരംവരെ ശത്രുക്കളുമായി പോരാടി.

രണ്ടാം ദിവസം ക്ഷീണിതരും മുറിവേറ്റവരുമായ തന്റെ സൈന്യത്തെയുംകൂട്ടി ഖാലിദ് ؓവീണ്ടും ശത്രുക്കളെ നേരിടാനിറങ്ങി. അദ്ദേ

**• ഹദീഥുന്നബ്‌വിﷺ •**

"അസ്സ്വബ്റു രിളൻ."

വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.

ത്വാലിബെ ദുആ

**C. K.MUHAMMED SHAREEF&FAMILY**

AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

"അൽമത്വ്ഊനു ശഹീദുൻ."

പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.

ത്വാലിബെ ദുആ

**LATE T.K.SIDHIQUE AND FAMILY**

KARULAI, MALAPPURAM

ഹം ഒരു തന്ത്രം പ്രയോഗിച്ചു: സൈന്യത്തിന്റെ മുൻനിരയെ പിൻനിരയായും പിൻനിരയെ മുൻനിരയായും വലതു ഭാഗത്തെ ഇടതുഭാഗത്തും ഇടതുഭാഗത്തെ വലതുഭാഗത്തും മാറ്റി. കൂടുതൽ സഹായം മുസ്ലിമീങ്ങൾക്കെത്തിയെന്ന് ശത്രുക്കൾക്ക് തോന്നുന്ന തരത്തിലുള്ള മുദ്രാവാക്യങ്ങളും മുഴക്കി. ഇത് ശത്രുക്കളെ പിന്തിരിപ്പിച്ചു. ഖാലിദ്ﷺഇസ്ലാമിക സൈന്യത്തെ സുരക്ഷിതമായി തിരികെ കൊണ്ടുവന്നു. ശത്രുക്കൾ സ്വയം പിൻവാങ്ങുകയായിരുന്നു. മുസ്ലിമീങ്ങൾ അവരെ പിന്തുടർന്നില്ല. മുസ്ലിമീങ്ങൾ അവരെ ഭയപ്പെട്ടിരുന്നുമില്ല. ശത്രുക്കൾ സ്വയം പിന്തിരിഞ്ഞുപോകുകയായിരുന്നു.

അല്ലാഹു ഈ സംഭവം അതേ ദിവസംതന്നെ വെളിപാടുമുഖേന നബിﷺതിരുമേനിയെ അറിയിച്ചു. അവിടന്ന് ഒരു വിളംബരം നടത്തി എല്ലാ മുസ്ലിമീങ്ങളെയും മസ്ജിദിൽ ഒരുമിച്ചുകൂട്ടി. നബിﷺതിരുമേനി മിമ്പറിൽ കയറിയപ്പോൾ അവിടത്തെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകുന്നുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു: 'അല്ലയോ ജനങ്ങളേ! ഈ യുദ്ധത്തിനുപോയ സൈന്യത്തെക്കുറിച്ച് ഞാൻ നിങ്ങളെ അറിയിക്കുകയാണ്. ആ സൈന്യം ഇവിടെ നിന്നുപോയി ശത്രുക്കളെ നേരിട്ടു, യുദ്ധം തുടങ്ങിയപ്പോൾ ആദ്യം സയ്ദ്ﷺ ശഹീദായി. അതിനാൽ, നിങ്ങൾ സയ്ദിനുവേണ്ടി ദുആ ചെയ്യുക.' അവിടന്ന് തുടർന്നു: 'പിന്നീട് ജഅ്ഫർ പതാക കൈയിലേന്തി ശത്രുക്കളുടെമേൽ ആക്രമണം നടത്തി. ഒടുവിൽ അദ്ദേഹവും ശഹീദായി. അതിനാൽ നിങ്ങൾ അദ്ദേഹത്തിനുവേണ്ടിയും പ്രാർഥിക്കുക. പിന്നീട് അബ്ദുല്ലാഹ് ബിൻ റവാഹﷺപതാക കൈയിലേന്തി ധീരതയോടെ സൈന്യത്തെ നയിച്ചു. പക്ഷേ, ഒടുവിൽ അദ്ദേഹവും ശഹീദായി. അതിനാൽ, നിങ്ങൾ അദ്ദേഹത്തിനുവേണ്ടിയും ദുആ ചെയ്യുക. പിന്നീട് ഖാലിദ് ബിൻ വലീദ് പതാകയെടുത്തു. അദ്ദേഹത്തെ ഞാൻ കമാൻഡറായി നിയമിച്ചിരുന്നില്ല. പക്ഷേ, അദ്ദേഹം സ്വയം തന്നെ കമാൻഡറായി നിയമിച്ചു. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാകുന്നു.'

സുഹൃത്ത് പറഞ്ഞതനുസരിച്ച് എങ്ങനെയാണ് ഇതുണ്ടായതെന്നുള്ള ഇതിന്റെ വിശദീകരണവും എഴുതിയിട്ടുണ്ട്. എഴുതിയിരിക്കുന്നു: അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ അദ്ദേഹം ഇസ്ലാമിക സൈന്യത്തെ സുരക്ഷിതമായി തിരികെ കൊണ്ടുവന്നു. നബിﷺതിരുമേനിയുടെ ഈ പ്രസംഗം കാരണത്താൽ ഖാലിദിന്റെﷺ നാമം മുസ്ലിമീങ്ങൾക്കിടയിൽ സയ്ഫുല്ലാഹ്, അതായത് 'അല്ലാഹുവിന്റെ വാൾ' എന്ന് പ്രസിദ്ധമായി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ﷺഅവസാനം ഇസ്ലാം സ്വീകരിച്ചതിനാൽ, ചില സ്വഹാബാക്കൾ തമാശയായോ വഴക്കുണ്ടാകുമ്പോഴോ അദ്ദേഹത്തെ പരിഹസിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഇങ്ങനെയുള്ള ഒരു കാര്യത്തിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫുമായി അദ്ദേഹത്തിന് തർക്കമുണ്ടായി. അദ്ദേഹം നബിﷺതിരുമേനിയോടു ഖാലിദിനെക്കുറിച്ച് പരാതിപ്പെട്ടു. നബിﷺതിരുമേനി ചോദിച്ചു: 'ഖാലിദേ, ബദ്ർ മുതൽ ഇസ്ലാമിന് സേവനം ചെയ്തുവരുന്ന ഈ വ്യക്തിയെ നീ എന്തിനാണ് വേദനിപ്പിക്കുന്നത്? ഉഹുദ് മലയോളം സ്വർണം നീ ചെലവഴിച്ചാലും അദ്ദേഹത്തിന് അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന പ്രതിഫലത്തിന് തുല്യമാകുകയില്ല.' അപ്പോൾ ഖാലിദ്ﷺപറഞ്ഞു: 'യാ റസൂലല്ലാഹ്, ഇവർ എന്നെ പരിഹസിക്കുന്നു, അപ്പോൾ ഞാനും മറുപടി നൽകുന്നു.' നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾ ഖാലിദിനെ വേദനിപ്പിക്കരുത്.' അവിടന്ന് ഖാലിദിനെയും ആശ്വസിപ്പിച്ചു. 'അദ്ദേഹം അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണ്; അല്ലാഹു അവിശ്വാസികളുടെ നാശത്തിനുവേണ്ടി ഊരിയെടുത്ത വാൾ.' ഈ പ്രവചനം ഏതായാലും ഏതാനും വർഷങ്ങൾക്കുശേഷം പുലരുകയും ചെയ്തു. ഖാലിദ്ﷺ തന്റെ സൈന്യത്തെ തിരികെ കൊണ്ടുവന്നപ്പോൾ, കൂടെ പോകാത്ത മദീനയിലെ സ്വഹാബത്ത് അദ്ദേഹത്തിന്റെ സൈന്യത്തെ ഭീരുക്കളെന്ന് വിളിക്കാൻ തുടങ്ങി. അതിന്റെ അർഥം, നിങ്ങൾ അവിടെ പോരാടി മരിക്കേണ്ടതായിരുന്നു, തിരികെ വരേണ്ടിയിരുന്നില്ല എന്നായിരുന്നു. എന്നാൽ, നബിﷺതിരുമേനി പറഞ്ഞു:'ഇവർ ഭീരുക്കളല്ല, പ്രത്യുത പലതവണ തിരികെ വന്ന് ശത്രുക്കളെ ആക്രമിക്കുന്ന സൈനികരാണ്.' ഇപ്രകാരം നബിﷺതിരുമേനി ഭാവിയിൽ ഉണ്ടാകാൻപോകുന്ന യുദ്ധങ്ങളെക്കുറിച്ച് പ്രവചിച്ചു. അത് മുസ്ലിമീങ്ങൾക്ക് പേർഷ്യയുമായി ഏറ്റുമുട്ടേണ്ടിവരുന്നതിനെ കുറിച്ചായിരുന്നു."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 334-336)*. പിന്നീട് ഖാലിദ് ബിൻ വലീദ് ﷺതന്റെ കരുത്ത് കാണിക്കുകയും ചെയ്തു.

പതാകയുടെ ആദരവിനെക്കുറിച്ച് സ്മരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്ﷺ ഒരു അവസരത്തിൽ പറഞ്ഞു:

"ജനതകളിൽ പതാകയ്ക്ക് വലിയ ആദരവും ബഹുമാനവുമാണ് നൽകപ്പെടുന്നത്. ചിലപ്പോൾ ശത്രുക്കളിൽനിന്ന് അവരുടെ പതാക പിടിച്ചെടുക്കുന്നതിന് വലിയ ത്യാഗങ്ങൾ വാരിക്കേണ്ടിവരാറുണ്ട്. ചിലപ്പോൾ സ്വന്തം പതാക സംരക്ഷിക്കുന്നതിന് വലിയ ത്യാഗങ്ങൾ ചെയ്യേണ്ടി വരുന്നു. ഇത് ശിർക്കല്ല. പിതാവിന്റെ മുന്നിൽ മകൻ മുകളിലിരിക്കുന്നത് എല്ലാവരും തെറ്റായി കാണുന്നതുപോലെയാണിത്. കാരണം, അത്തരമൊരു പ്രവൃത്തി ആലങ്കാരിക ഭാഷയിൽ പിതാവിനെ അവഹേളിക്കുന്നതിന് തുല്യമാണ്. അതുപോലെ, ഒരു രാജ്യത്തിന്റെ പതാക നഷ്ടപ്പെടുന്നത് ആലങ്കാരിക ഭാഷയിൽ അവരുടെ അഭിമാനവും അന്തസ്സും തകരുന്നതിന് തുല്യമായതിനാൽ, രാജ്യങ്ങൾ തങ്ങളുടെ ജീവൻ ത്യജിച്ചാലും തങ്ങളുടെ പതാക ശത്രുക്കളുടെ കൈകളിൽ പോകുന്നത് സഹിക്കുകയില്ല. അതിനാലാണ്, അഹ്മദിയ്യാ പതാകയുടെ കാര്യത്തിൽ പതാക സംരക്ഷിക്കുന്നതിനു ഖുദ്ദാമുൽ അഹ്മദിയ്യ ഖാദിമീങ്ങളെ നിശ്ചയിച്ചിരിക്കുന്നത്. ഏതായാലും, അവിടന്ന് എഴുതുന്നു: ഒരു രാജ്യത്തിലെ വ്യക്തികളുടെ ഹൃദയങ്ങളിൽ അവരുടെ പതാകയുടെ മഹത്ത്വം സ്ഥാപിക്കപ്പെടുമ്പോൾ, സ്വന്തം പതാക സംരക്ഷിക്കാൻ ജീവൻ ബലിയർപ്പിക്കേണ്ടി വന്നാൽപോലും ഒരു മടിയും കൂടാതെ ജീവൻ ബലിയർപ്പിക്കാൻ അത് അവരെ തയ്യാറാക്കുന്നു. കാരണം, അപ്പോൾ അത് വെറും ഒരു കഷണം മരത്തിന്റെയോ തുണിയുടെയോ കാര്യമല്ല, മറിച്ച് ആലങ്കാരിക ഭാഷയിൽ ഒരു പതാകയുടെ രൂപത്തിൽ അവരുടെ മുന്നിൽ നിലകൊള്ളുന്ന രാഷ്ട്രത്തിന്റെ അന്തസ്സിന്റെ കാര്യമാണ്.' അവിടന്ന് എഴുതിയിരിക്കുന്നു: "മുമ്പേയും പലതവണ ഞാൻ ഇത് പറഞ്ഞിട്ടുണ്ട്. സ്വഹാബാക്കളിലും ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും. ഒരു യുദ്ധത്തിൽ ഒരു മുസ്ലിം ഓഫീസറുടെ കൈയിൽ ഇസ്ലാമിന്റെ പതാക ഉണ്ടായിരുന്നു. അവർ മനോഹരമായ പതാകകൾ ഉണ്ടാക്കിയിരുന്നില്ല, മറിച്ച് ഒരു സാധാരണ മരക്കഷണത്തിൽ കറുത്ത തുണി കെട്ടുകയായിരുന്നു പതിവ്. എന്നാൽ, അത് കറുത്ത തുണിയോ, പതാകയുടെ നിസ്സാര മരക്കഷണമോ ആകട്ടെ, അപ്പോൾ രാജ്യത്തിന്റെ അന്തസ്സാണ് പ്രധാന വിഷയം. പതാക വിലപിടിപ്പുള്ളതാണോ നിസ്സാരമാണോ എന്നല്ല നോക്കുന്നത്. പ്രത്യുത ആ പതാക സംരക്ഷിക്കപ്പെടുന്നതിലാണ് രാഷ്ട്രത്തിന്റെ അഭിമാനമെന്ന് മാത്രമേ പരിഗണിച്ചിരുന്നുള്ളൂ. ഏതായാലും, ഈ യുദ്ധത്തിൽ, ക്രിസ്ത്യാനികൾക്കെതിരെയായിരുന്നു യുദ്ധം നടന്നിരുന്നത്. അവർ മുസ്ലിമീങ്ങളുടെ പതാക നാട്ടിയിരുന്ന സ്ഥലത്ത് പ്രത്യേകം ആക്രമണം നടത്തി. ഹദ്റത്ത് ജഅ്ഫറിന്റെﷺകൈവശമായിരുന്നു ഈ പതാക. ഇത് മുഅ്ത്ത യുദ്ധമായിരുന്നു. അവർ ആക്രമിച്ചപ്പോൾ ഹദ്റത്ത് ജഅ്ഫറിന്റെﷺഒരു കൈ വെട്ടേറ്റു വീണു. ഉടൻതന്നെ അദ്ദേഹം ആ പതാക മറ്റേ കൈയിൽ പിടിച്ചു. പതാക താഴ്ന്നിട്ടില്ലെന്ന് ശത്രുക്കൾ കണ്ടപ്പോൾ അവർ വീണ്ടും ആക്രമിച്ചു. അതിന്റെ ഫലമായി പതാക പിടിച്ചിരുന്ന അദ്ദേഹത്തിന്റെ മറ്റേ കൈയും വെട്ടേറ്റു വീണു. ഉടൻതന്നെ അദ്ദേഹം രണ്ട് കൈമുട്ടുകൾ കൊണ്ടു പതാക പിടിച്ചു. ഇതും ഹദീഥിൽ വന്നിട്ടുണ്ട്. കൈമുട്ടുകൾ കൊണ്ട് കൂടുതൽ നേരം പതാക


• ഹദീഥുന്നബ്വിﷺ •

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി
വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വിﷺ •

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

പിടിക്കാൻ പറ്റാതെ വന്നപ്പോൾ, ഏതെങ്കിലും മുസ്‌ലിം മുന്നോട്ടു വന്ന് ഈ പതാക പിടിക്കൂ എന്ന് അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു. അദ്ദേഹം പറഞ്ഞു: "മുസ്‌ലിമീങ്ങളേ, ഇസ്‌ലാമിന്റെ പതാക താഴ്ന്നു പോകാതിരിക്കാൻ ശ്രദ്ധിക്കണം. അത് തുണിയുടെ അല്ലെങ്കിൽ സാധാരണ മരക്കഷണത്തിന്റെ പതാകയായിരുന്നു, പക്ഷേ, അവർ അതിന് ഇസ്‌ലാമിന്റെ പതാക എന്ന് പേരിട്ടു. അത് മരക്കഷണത്തിന്റേതാണെങ്കിലും സാധാരണ തുണിയുടെതാണെങ്കിലും, എന്തായാലും അത് ഇസ്‌ലാമിന്റെ പതാകയാണ്. അതിനാൽ അത് സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. അങ്ങനെ മറ്റൊരു ഓഫീസർ മുന്നോട്ടു വന്ന് ആ പതാക പിടിച്ചു. എന്റെ അഭിപ്രായത്തിൽ, അദ്ദേഹം സ്വന്തം അഭിപ്രായം പറയുകയാണ്. അത് ഹദ്റത്ത് ഖാലിദ് ബിൻ വലീദായിരുന്നു. ഖാലിദ് ബിൻ വലീദ്ؓ ആയിരുന്നില്ല, മറ്റൊരാളാണ് പിടിച്ചത്, പിന്നീടത് ഖാലിദ് ബിൻ വലീദിന് നൽകുകയായിരുന്നുവെന്നും പറയുന്നുണ്ട്.

"അപ്പോൾ നോക്കൂ, ഒരു തുണികൊണ്ടുള്ള വസ്തു, സാധാരണ മരക്കഷണത്തിന്റെ വസ്തുവാണ്, ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ ഈ തുണിക്കോ മരക്കഷണത്തിനോ പ്രത്യേക പ്രാധാന്യമൊന്നുമില്ല. എന്നാൽ, ദേശീയ അഭിമാനത്തിന്റെ കാര്യം വരുമ്പോൾ ഇസ്‌ലാം അതിനെ എതിർക്കുന്നില്ല. അവർ പറഞ്ഞു, ഇത് ഇസ്‌ലാമിന്റെ പതാകയാണ്, ഇത് വീണുപോകാതെ ശ്രദ്ധിക്കണം. നബിﷺതിരുമേനിയും അവർഇപ്പറഞ്ഞതിനോട് അപ്രീതി കാണിച്ചില്ല. മറിച്ച് ചിലപ്പോൾ അവിടന്നുതന്നെ അത്തരം കാര്യങ്ങളുടെ മഹത്ത്വം സ്ഥാപിക്കാൻ വേണ്ടി, ഈ പതാക ആരാണ് കൈയിലേന്തുകയെന്ന് ചോദിക്കാറുണ്ടായിരുന്നു. അങ്ങനെ ചില യുദ്ധങ്ങളിൽ അവിടന്ന് പറഞ്ഞു: ഈ പതാക അതിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നവന്റെ കൈയിലായിരിക്കും ഞാൻ കൊടുക്കുക. സ്വഹാബത്ത്ؓഈ പതാക കരസ്ഥമാക്കാൻ പരസ്പരം ശ്രമിച്ചിരുന്നു."*(ഖുത്ബ ജുമുഅ 1942 ഒക്ടോബർ 23, ഖുത്ബാതെ മഹ്മൂദ് വാള്യം 23, പേജ് 471-473)*

ഈ വിവരണം ഇനിയും തുടരുന്നതായിരിക്കും. ലോകത്തിലെ പൊതുവായ അവസ്ഥകൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുക. ഇതു ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. പ്രത്യേകിച്ചും ഇന്നത്തെ പാകിസ്താനിലെയും ഇന്ത്യയിലെയും സാഹചര്യങ്ങൾക്കുവേണ്ടി പ്രാർഥിക്കുക. അല്ലാഹു അക്രമം അവസാനിപ്പിക്കട്ടെ. മർദ്ദിതരെ സംരക്ഷിക്കട്ടെ. യുദ്ധങ്ങളിലേക്ക് നീങ്ങുന്നതിനുപകരം സമാധാനപരവും സൗഹാർദ്ദപരവുമായ രീതിയിൽ കാര്യങ്ങൾ തീരുമാനിക്കാൻ അല്ലാഹു ഗവൺമെന്റുകൾക്ക് ബുദ്ധി നൽകുമാറാകട്ടെ. അവർ അന്താരാഷ്ട്ര ഉടമ്പടികളെ മാനിക്കുന്നവരായിരിക്കുമാറാകട്ടെ. ഇന്ന് നീതി ലഭിക്കാൻ പ്രയാസമാണെങ്കിലും, അന്താരാഷ്ട്ര സംഘടനകൾക്കും അല്ലാഹു തൗഫീഖു നൽകുമാറാകട്ടെ, ഇരു രാജ്യങ്ങളിലെയും അനുകൂലികളായ സുഹൃത്തുക്കൾക്കും ഈ രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ തൗഫീഖ് നൽകട്ടെ.

പാകിസ്താന്റെ ഭാഗത്തുനിന്ന് എന്തായാലും ഇത് പറഞ്ഞുകൊണ്ടിരിക്കുന്നു, അവരുടെ മന്ത്രിമാരുടെ പല പ്രസ്താവനകളും വരുന്നുണ്ട്. കാശ്മീരിൽ നടന്ന ഭീകരാക്രമണവുമായി തങ്ങൾക്ക് ഒരു ബന്ധവുമില്ലെന്നും, തമ്മിൽ പോരടിക്കുന്നതിനുപകരം നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ യുഎൻ ഏജൻസികൾ വഴി അത് അന്വേഷിക്കുകയാണ് വേണ്ടതെന്നും പറയുന്നുണ്ട്.

ഇന്ത്യാ ഗവൺമെന്റും ഇതിനോടു ക്രിയാത്മകമായ സമീപനം കാണിക്കേണ്ടതാണ്. ഇരുകൂട്ടർക്കും അല്ലാഹു ബുദ്ധി നൽകുമാറാകട്ടെ. യുദ്ധമുണ്ടായാൽ ഇരുകൂട്ടർക്കും നഷ്ടം സംഭവിക്കും. പിന്നീട് സൈനികർ മാത്രമല്ല, സാധാരണക്കാരും നിരപരാധികളും വെറുതെ കൊല്ലപ്പെടും. ഇന്നത്തെ യുദ്ധങ്ങളിൽ നമ്മൾ ഇത് കാണുന്നുണ്ട്. ഇതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. എന്തായാലും ലോകത്തിലെ എല്ലാ മർദ്ദിതർക്കുംവേണ്ടി പ്രാർഥിക്കുക. പ്രത്യക്ഷത്തിൽ ലോകം നാശത്തിന്റെ വക്കിലാണ് നിൽക്കുന്നത്. അല്ലാഹുതന്നെ അതിനെ രക്ഷിക്കുമാറാകട്ടെ. അവർ അല്ലാഹുവിലേക്ക് അടുക്കുന്നതിലൂടെയാണ് അത് സംഭവിക്കുക. അല്ലാഹു അവർക്ക് തൗഫീഖ് നൽകുമാറാകട്ടെ, നമുക്കും പ്രാർഥിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ

ഇനി ഞാൻ ജുമുഅ നമസ്കാരത്തിനു ശേഷം ഒരു ശഹീദിന്റെ മയ്യിത്ത് നമസ്കാരം നിർവഹിക്കുന്നതാണ്. മുഹമ്മദ് ആസിഫ് സാഹിബ് ഇബ്നു റഫീഖ് അഹ്മദ് സാഹിബ്. അദ്ദേഹം ഖുസൂർ ജില്ലയിലെ ഫലേർ നാട്ടുകാരനാണ്. അഹ്മദിയ്യ ജമാഅത്തിന്റെ ശത്രുക്കൾ ഏപ്രിൽ 24-ന് അദ്ദേഹത്തെ വെടിവെച്ച് ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ശഹാദത്ത് വരിക്കുമ്പോൾ മർഹൂമിന് പത്തൊൻപത് വയസ്സായിരുന്നു. ചെറുപ്പക്കാരനായിരുന്നു.

വിവരങ്ങളനുസരിച്ച്, സംഭവം നടന്ന ദിവസം രാത്രി ഏകദേശം 10:45-ന് മുഹമ്മദ് ആസിഫ് സാഹിബും അദ്ദേഹത്തിന്റെ ഒരു അഹ്മദി അയൽക്കാരനായ ഇസ്നാൻ അഹ്മദ് സാഹിബും ഒരു മോട്ടോർ സൈക്കിളിൽ ഗ്രാമത്തിന് പുറത്തുള്ള ഒരു കടയിൽനിന്ന് ചില വീട്ടുസാധനങ്ങൾ വാങ്ങാൻ പോവുകയായിരുന്നു. ഗ്രാമത്തിലെ കടയുടമകൾ ബഹിഷ്കരിച്ചിരുന്നതിനാൽ സാധനങ്ങൾ വാങ്ങാൻ പുറത്ത് പോകേണ്ടിവന്നിരുന്നു. വീട്ടിൽനിന്ന് ഏകദേശം നൂറുമീറ്റർ അകലെ വഴിയിൽ, ശത്രുക്കൾ മുൻകൂട്ടി കാത്തിരിക്കുകയായിരുന്നു. അവർ ഇരുവരെയും വെടിവെച്ചു. മുഹമ്മദ് ആസിഫ് സാഹിബിന്റെ വലത്തേ തോളിൽനിന്ന് നടുഭാഗത്ത് വെടിയേറ്റു, അത് തുളഞ്ഞുപോയി. ഇസ്നാൻ അഹ്മദ് സാഹിബിന് ഇടതു കാലിലാണ് വെടിയേറ്റത്. ആക്രമണത്തിനു ശേഷവും അക്രമികൾ ഭീതി പരത്താൻ വെടിവെപ്പ് തുടർന്നു. ഞങ്ങളുടെ ഈ രണ്ടു യുവാക്കളും പരിക്കേറ്റെങ്കിലും ധൈര്യമവലംബിച്ചുകൊണ്ട് അവിടെനിന്ന് മോട്ടോർ സൈക്കിളിൽത്തന്നെ രക്ഷപ്പെടുകയും കുറച്ചു ദൂരെ പോയി വീഴുകയും ചെയ്തു. അവർ സ്വന്തം മോട്ടോർ സൈക്കിൾ ഓടിച്ചുകൊണ്ടിരുന്നു. പോലീസ് സ്ഥലത്തെത്താൻ വൈകി. ഈ സമയം അക്രമികളുടെ വെടിവെപ്പ് തുടർന്നു. അതിനാൽ, അവരെ ഉടൻ ആശുപത്രിയിലെത്തിക്കാൻ കഴിഞ്ഞില്ല. പോലീസെത്തിയപ്പോൾ ആസിഫ് സാഹിബിനെ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും, അപ്പോഴേക്കും രക്തം ധാരാളം വാർന്നു പോയതിനാൽ അദ്ദേഹം ആശുപത്രിയിലെത്തിയ ഉടൻതന്നെ ശഹീദായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

സംഭവവുമായി ബന്ധപ്പെട്ട കേസ് ഖുസൂർ ജില്ലയിലെ ഫൂൽനഗർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ അവരുടെ കേസ് രജിസ്റ്റർ ചെയ്തതിനുശേഷം സാഹചര്യങ്ങൾ ഇങ്ങനെ തന്നെ തുടരുകയാണ്. അവർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. എന്നാൽ, അവർ ഇനി എന്ത് ചെയ്യുമെന്ന് നമുക്ക് കണ്ടറിയാം. മൂന്നുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കാലിൽ വെടിയേറ്റ ഇസ്നാൻ അഹ്മദ് സാഹിബ് പ്രാഥമിക ചികിത്സയ്ക്കുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മെച്ചപ്പെട്ടുവരുന്നു.

കഴിഞ്ഞ മൂന്ന് വർഷമായി ഖുസൂർ ജില്ലയിലെ ഫലേറിൽ ശക്തമായ എതിർപ്പിന്റെ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. പലതവണ ജമാഅത്തിലെ അംഗങ്ങൾക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളോടെ കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. പലപ്പോഴും അഹ്മദി സ്നേഹിതന്മാർ ആക്രമിക്കപ്പെട്ടു. അഹ്മദിയ്യ ഖബ്ർസ്താനിലെ ഖബ്റുകളിൽനിന്ന് പരിശുദ്ധകലിമയും ഖുർആൻ ആയത്തുകളും മായ്ച്ചു കളഞ്ഞു. ഗ്രാമത്തിൽ പൂർണ ബഹിഷ്കരണത്തിന്റെ അവസ്ഥയാണ്. കടകളിൽനിന്ന് സാധനങ്ങൾ വാങ്ങുന്നതിന് വിലക്കേർപ്പെടുത്തിയിരിക്കുന്നു, കൂടാതെ ഗ്രാമത്തിലെ പൊതുവായ വാട്ടർ ഫിൽട്ടറേഷൻ പ്ലാന്റിൽനിന്ന് വെള്ളം എടുക്കാൻ അനുവാദമില്ല. കുട്ടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പോകുമ്പോഴും വരുമ്പോഴും ശല്യപ്പെടുത്തുന്നു. ഇതാണ് അവിടുത്തെ അവസ്ഥ.

ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പിതാമഹനായ മുഹമ്മദ് ദീൻ സാഹിബ് മുഖേനയാണ്. അദ്ദേഹം 1934-ൽ രണ്ടാം ഖിലാഫത്തിന്റെ അനുഗൃഹീതമായ കാലഘട്ടത്തിൽ ഖാദിയാന

• ഹദീഥുന്നബ്‌വിﷺ •

"സ്വൂമൂ തസ്വിഹ്ഹു'
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"അൽ അയ്നു ഹഖ്ഖുൻ."
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ിൽ പോയി ജൽസസാലാനയുടെ അവസരത്തിൽ ബയ്അത്ത് ചെയ്തു. ശഹീദ് മർഹൂമിന്റെ ഉപ്പാപ്പയുടെ പേര് മുഹമ്മദ് യഅ്ഖൂബ് സാഹിബ് എന്നായിരുന്നു.

ശഹീദ് മർഹൂം തന്റെ മാതാപിതാക്കളുടെ ഏക മകനായിരുന്നു. മിതഭാഷിയും വലിയ ധൈര്യശാലിയുമായിരുന്നു. എല്ലാവരുമായി സ്നേഹവും സൗഹാർദ്ദവും പുലർത്തി. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു, ജമാഅത്ത് സേവനങ്ങളിൽ മുന്നിട്ടു നിന്നു. ജമാഅത്ത് സംവിധാനത്തിന് കീഴിൽ നടന്ന കായിക മത്സരങ്ങളിൽ പങ്കെടുക്കാൻ വളരെ താല്പര്യമായിരുന്നു. അടുത്തിടെ ജില്ലയിൽ നടന്ന മത്സരത്തിൽ അദ്ദേഹം ഒന്നാം സ്ഥാനം നേടിയിരുന്നു. ഹൃദ്രോഗിയായ തന്റെ മാതാവിനെ ശഹീദ് മർഹൂം പൂർണ്ണമായി പരിപാലിച്ചിരുന്നു. മാതാവ് പറയുന്നു: മർഹൂം വളരെ അനുസരണയുള്ള കുട്ടിയായിരുന്നു, ഒരിക്കലും എന്നെ അനുസരിക്കാതിരുന്നിട്ടില്ല. ബന്ധുക്കളോടും അടുത്തവരോടും സഹാനുഭൂതിയും സ്നേഹവും ഉള്ളവനായിരുന്നു.

അദ്ദേഹത്തിന്റെ സഹോദരി സാഹിദ റഫീഖ് പറയുന്നു: എന്റെ സഹോദരൻ എല്ലാവരെയും നോക്കിയിരുന്നു. വളരെ സ്നേഹവും ദയയുമുള്ളവനായിരുന്നു. അദ്ദേഹവും ശഹാദത്ത് ആഗ്രഹിച്ചിരുന്നു. അത് അല്ലാഹു പൂർത്തീകരിച്ചു. ശഹാദത്തിനു മൂന്നുദിവസം മുമ്പേ തന്റെ സഹോദരന് വെടിയേറ്റതായി അവർ സ്വപ്നം കണ്ടു. അടുത്ത ദിവസം ഫോൺ വിളിച്ച് സുഖവിവരം അന്വേഷിച്ചു. ശഹാദത്തിന്റെ ദിവസവും സുഖവിവരം അന്വേഷിച്ചു, എന്നാൽ, താൻ തിരക്കിലാണെന്ന് പറയുകയും സംഭാഷണം ചുരുക്കുകയും ചെയ്തു. പിന്നീട് സഹോദരി പറയുന്നു, രാത്രി സംസാരിക്കാമെന്ന് സഹോദരൻ പറഞ്ഞിരുന്നു. പക്ഷേ, സംസാരം പൂർത്തിയാക്കാൻ കഴിഞ്ഞില്ല, അതേ ദിവസംതന്നെ അദ്ദേഹം ശഹീദായി അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി. സഹോദരി പറയുന്നു: സഹോദരനെക്കുറിച്ചുള്ള സ്വപ്നം കാരണം ഞാൻ വളരെ വിഷമിച്ചിരുന്നു. ദുആയ്ക്കു വേണ്ടി ഞാൻ കത്തെഴുതുകയായിരുന്നു. പറയുന്നു: അങ്ങയ്ക്ക് ഞാൻ കത്തെഴുതുകയായിരുന്നു. വെടിയേറ്റതായി ഞാൻ സ്വപ്നം കണ്ടു എന്നെഴുതിയപ്പോഴേക്കും, അവർ പറയുന്നു: സഹോദരൻ ശഹീദായി എന്ന വിവരം ലഭിച്ചു.

ശഹാദത്ത് വരിക്കുമ്പോൾ മർഹൂം ഖുദ്ദാമുൽ അഹ്മദിയ്യ ഖുസ്ദൂർ ജില്ലയുടെ മജ്‌ലിസെ ആമിലയിൽ അംഗമായിരുന്നു, നാളിം തഹ്‌രീക്കെ ജദീദായിരുന്നു. പ്രാദേശിക ജമാഅത്തിൽ നാഇബ് ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യയായും നാളിം അത്ഫാലായും സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിരുന്നു.

മാതാപിതാക്കളെ കൂടാതെ രണ്ട് സഹോദരിമാരുമുണ്ട്. ഫലേർ ജമാഅത്തിന്റെ പ്രസിഡന്റ് നിഥാർ അഹ്മദ് സാഹിബ് പറയുന്നു: ശഹീദ് മർഹൂം ശ്രേഷ്ഠഗുണങ്ങളുള്ള, നല്ല സ്വഭാവമുള്ള വ്യക്തിയായിരുന്നു. വിനീതൻ അദ്ദേഹത്തെ നല്ല സ്വഭാവമുള്ളവനും, ശാന്തനും, ഖിലാഫത്തിനോടു സ്നേഹവും അനുസരണവുമുള്ള ഒരു ജമാഅത്ത് പ്രവർത്തകനായാണ് കണ്ടിട്ടുള്ളത്. നമസ്കാരങ്ങളിലും ചന്ദകളിലും കൃത്യനിഷ്ഠയുള്ള ആളായിരുന്നു. വഖാറെഅമൽ, ഖിദ്മത്തെഖൽഖ്, സെക്യൂരിറ്റിഡ്യൂട്ടി എന്നിങ്ങനെ എല്ലാ മേഖലകളിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചു, ജമാഅത്ത് കാര്യങ്ങളിൽ ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. മാതാപിതാക്കളെ സേവിക്കുകയും അവരെ എല്ലാ വിധത്തിലും പരിപാലിക്കുകയും ചെയ്തിരുന്നു.

മുഅല്ലിം ത്വാരിഖ് അഹ്മദ് സാഹിബ് പറയുന്നു: ശഹീദ് മർഹൂം ഉന്നതമായ സ്വഭാവങ്ങളുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ടി.വി ഉണ്ടായിരുന്നില്ല. പക്ഷേ, എന്റെ ജുമുഅ ഖുത്ബ അദ്ദേഹം കൃത്യമായി തന്റെ ഫോണിൽ കേൾക്കുമായിരുന്നു. അല്ലെങ്കിൽ എന്റെ വീട്ടിലെ മിഷൻ ഹൗസിൽ വന്ന് കേൾക്കുമായിരുന്നു. ഏതെങ്കിലും ജമാഅത്ത് കാര്യങ്ങൾക്ക് വിളിച്ചാൽ ഉടൻതന്നെ ഹാജരാകുമായിരുന്നുവെന്നും അദ്ദേഹം പറയുന്നുണ്ട്. എല്ലാ ജോലികളും വലിയ ഉത്തരവാദിത്വത്തോടെ ചെയ്യുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ജമാഅത്തിലെ അതിഥികളെ വളരെ താല്പര്യത്തോടെ സേവിച്ചിരുന്നു.

അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും റഹ്മത്തും നൽകുമാറാകട്ടെ, അദ്ദേഹത്തിന്റെ പദവികളുയർത്തുമാറാകട്ടെ, ബന്ധുക്കൾക്ക് ക്ഷമയും ധൈര്യവും നൽകുമാറാകട്ടെ.

പാകിസ്താനിൽ ഈ ഭീകരവാദം ചെയ്യുന്നവരുടെയും ജമാഅത്തിനെ എതിർക്കുന്നവരുടെയും ധൈര്യം വർധിച്ചു വരികയാണ്. അല്ലാഹു എത്രയും പെട്ടെന്ന് അവരെ പിടികൂടാനുള്ള വഴികൾ ഒരുക്കുമാറാകട്ടെ. *(വിവർത്തനം: ആരിഫ് മുഹമ്മദ് ബി.എം. മുറബ്ബി നശ്റോ ഇശാഅത്ത് ഖാദിയാൻ)*

**പേജ് 1 ൽ നിന്ന്**

അയാളെ വിശ്വസിക്കാൻ തയ്യാറാകുന്നതായിരിക്കും. പക്ഷേ, പരിശുദ്ധ ശക്തിയും കർമശക്തിയുടെ പ്രവർത്തനപരമായ മാതൃക കാണിക്കുന്നതുമായ മനുഷ്യൻ -അയാളാണെങ്കിൽ വ്യാജമായ അഭിമാനത്തിനും കള്ളവാദങ്ങൾക്കുമതീതനാണ്-അവരുടെ പക്കൽ സ്വീകാരാർഹനായിരിക്കുകയില്ല. കാരണം അവരുടെ പ്രകൃതങ്ങൾ അത്ഭുതങ്ങൾ ഇഷ്ടപ്പെടുന്നതിന്നിരയാണ്.

അത്തരക്കാർ ചിലപ്പോൾ ചില മുമ്പേയുള്ള നബിമാരേയും വിശ്വസിക്കുന്നവരായിരിക്കും. പക്ഷേ, പുതിയ നബി വരുമ്പോൾ അവരുടെ പ്രകൃതത്തിന്റെ പോരായ്മ വെളിപ്പെടുത്തുന്നതായിരിക്കും, അതായത് മുമ്പേ വന്ന നബിയിലും അവരുടെ വിശ്വാസം ആചാരപരമായിരുന്നു. പാരമ്പര്യപരമായിരുന്നു.

96-ാമത്തെ ആയത്തിന്റെ തഫ്സീറിൽ ഹുദൂർ പറയുന്നു: ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത് മലക്കുകൾ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മലക്കുകളുടെ സവിശേഷതയുള്ള മനുഷ്യരാണ്. ഇല്ലെങ്കിൽ മലക്കകളുടെമേൽ മറ്റൊരു മലക്ക് വരേണ്ട ആവശ്യമെന്താണ്? ഈ ആയത്തിൽ വലിയ ആളുകളായതുകൊണ്ട് അവർക്ക് നേരിട്ട് ഇൽഹാമുണ്ടാകേണ്ടതാണെന്നു മനസ്സിലാക്കുന്നവരുടെ ചിന്താഗതിയ്ക്കുള്ള മറുപടിയാണ് നല്കിയിരിക്കുന്നത്. പറയുന്നു, മലക്ക് മലക്കിന്റെ സ്വഭാവമുള്ളവരുടെമേലാണ് ഇറങ്ങുന്നത്. ആ ഇനത്തിൽപ്പെടാത്തവരുടെമേലല്ല. നിങ്ങൾ മലക്കുകളായിത്തീർന്നിരുന്നുവെങ്കിൽ നിങ്ങളുടെമേലും മലക്കുകൾ ഇറങ്ങുമായിരുന്നു. നിങ്ങളാണെങ്കിൽ ശയ്ത്വാനായി. നിങ്ങളുടെമേൽ എങ്ങനെയാണ് മലക്കുകളിറങ്ങുക. രണ്ടാമതായി മനുഷ്യരിൽനിന്ന് വലിയശക്തിയുള്ളവരുടെ ആവശ്യമുണ്ടായിരുന്നുവെന്നും സാധാരണ മനുഷ്യന് ജോലി ചെയ്യാൻ കഴിയില്ലെന്നും മനസ്സിലാക്കിയിട്ടുള്ളവർക്കാണ് മറുപടി നല്കിയിട്ടുള്ളത്. അവരോടു പറഞ്ഞു, എല്ലാ ഓരോ ഇനത്തിലുള്ള ആളുകൾക്കും അവരുടെ ഇനത്തിലുള്ളവർക്കുമാത്രമെ മോക്ഷം നല്കാൻ സാധിക്കുകയുള്ളൂ. കാരണം അവരിൽനിന്നുള്ളവരാണ് അവർക്ക് മാതൃകയാകുന്നത്. അതുകൊണ്ട് മനുഷ്യനുപുറമെ മറ്റു ഇനക്കാർക്ക് റസൂൽ എന്ന നിലയിൽ മനുഷ്യരിൽ വരാൻ സാധിക്കുകയില്ല. കാരണം അവർ ഇവർക്ക് മാതൃകയായിത്തീരുകയില്ല. ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ റസൂലിന്റെ അർഥം വെറും വെളിപാടു കൊണ്ടുവരുന്നവനെന്നാകുകയില്ല. പ്രത്യുത മനഷ്യനായ റസൂൽ നുബുവ്വത്തിന്റെ എന്തെന്തെല്ലാം നിബന്ധനകളുമായിട്ടാണോ വരുന്നത് അതെല്ലാം ഉദ്ദേശ്യമായെടുക്കുന്നതായിരിക്കും. *(തഫ്സീറെ കബീർ, വാള്യം 4, പേജ് 390, പ്രസാധനം 2010 ഖാദിയാൻ)*

**പേജ് 12 ൽ നിന്ന്**

നടക്കുന്നവർക്ക് പരീക്ഷണങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. സ്വഹാബിമാരുടെ ഉള്ളിലും ദൈവികസുന്നത്ത് നിലനിന്നു. എത്രത്തോളം ബുദ്ധിമുട്ടിച്ചെന്നാൽ ദേവ്ഹയ്ക്കിൽ മലപോലും മറുപടി കൊടുക്കുന്നത്ര! പക്ഷേ, ആ പരിശുദ്ധാത്മാവ് തന്റെ ജീവനും സ്വത്തും അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്തു. മക്കയിലെ അവിശ്വാസികൾ ഇസ്ലാം സ്വീകരിക്കുന്നവരുടെമേൽ പലരീതിയിലുള്ള ദ്രോഹങ്ങളും ചെയ്തു. ദുർബലരും അടിമകളുമായ മുസ്‌ലിമീങ്ങൾ മാത്രമല്ല അതിൽ കുറിമാനമായത്. പ്രത്യുത നബിﷺതിരുമേനിയും അബൂബക്ർപോലും മക്കമുശ്‌രിക്കീങ്ങളുടെ അക്രമങ്ങളിൽനിന്ന് സുരക്ഷിതരായിരുന്നില്ല. ചരിത്രം ഇതിന് സാക്ഷിയാണ്. അവരേയും

**• ഹദീഥുന്നബ്‌വിﷺ •**

"അന്നദമു തൗബത്തുൻ."

ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്‌വിﷺ •**

"ലാ തതമന്നഉൽമൗത."

മരണം ആഗ്രഹിക്കരുത്.

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

പലരീതിയിലുള്ള അക്രമങ്ങൾക്കും ദ്രോഹങ്ങൾക്കും കുറിമാനമാക്കിയിരുന്നു. ഒരു നിവേദനത്തിൽ വരുന്നു: 'ഒരിക്കൽ അന്യാരാധകർ നബിﷺ തിരുമേനിയോടു ചോദിച്ചു, 'താങ്കൾ ഞങ്ങളുടെ ആരാധകരെ സംബന്ധിച്ച് ഇക്കാര്യം പറഞ്ഞില്ലേ?' നബിﷺ തിരുമേനി പറഞ്ഞു: "പറഞ്ഞു." അപ്പോൾ അവർ നബിﷺതിരുമേനിക്ക് ചുറ്റും കൂടി. ആ നേരത്ത് ആരോ അബൂബക്റിനോട് താങ്കളുടെ സ്നേഹിതന്റെ വിവരങ്ങൾ അന്വേഷിക്കാൻ പറഞ്ഞു. ഹദ്റത്ത് അബൂബക്ർؓ ഉടനെ പുറപ്പെട്ടു. മസ്ജിദുൽഹറാമിലെത്തി. അദ്ദേഹം നബിﷺ തിരുമേനിയെ ആളുകളാൽ ചുറ്റപ്പെട്ട അവസ്ഥയിൽ കണ്ടു. ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: 'നിങ്ങൾക്ക് നാശമുണ്ടാകട്ടെ. ***അ തഖ്‌തുലൂന റജുലൻ അൻയ്യഖൂല റബ്ബിയല്ലാഹു വഖദ് ജാഅക്കും ബിൽ ബയ്യിനാത്തി മിൻർറബ്ബിക്കും*** (40:29) 'എന്റെ നാഥൻ അല്ലാഹു ആണെന്ന് പറഞ്ഞതു നിമിത്തം നിങ്ങൾ ഒരാളെ കൊല്ലുകയാണോ? അദ്ദേഹം നിങ്ങളുടെ നാഥനിൽനിന്ന് സ്പഷ്ടമായ തെളിവുകൾ നിങ്ങൾക്ക് കൊണ്ടുവന്നിരിക്കുകയുമാണല്ലോ.' അപ്പോൾ അവർ നബിﷺതിരുമേനിയെ വിട്ടയക്കുകയും ഹദ്റത്ത് അബൂബക്റിന്റെ മേൽ ചാടിവീഴുകയും അദ്ദേഹത്തെ മർദ്ദിക്കാൻ തുടങ്ങുകയും ചെയ്തു. ഹദ്റത്ത് അബൂബക്റിന്റെ മകൾ ഹദ്റത്ത് അസ്മാഅ്(റ.അൻഹാ)പറയുന്നു: അദ്ദേഹം ഞങ്ങളുടെ അടുത്ത് ഏത വസ്ഥയിലാണെത്തിയതെന്നാൽ, തന്റെ തലമുടിയിൽ അദ്ദേഹം തൊടുമ്പോൾ അത് അദ്ദേഹത്തിന്റെ കൈയിലുണ്ടാകുമായിരുന്നു. അവിടന്ന് പറയുമായിരുന്നു. തബാറക്ത്ത യാദൽജലാലിവൽ ഇക്റാം.

ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്ؓ ഇസ്ലാം സ്വീകരിച്ചു. അപ്പോൾ മുതൽ ഉന്മത്തനായിക്കൊണ്ട് ഇസ്ലാമിക പ്രബോധനം തുടങ്ങി. ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻؓ, ഹദ്റത്ത് ത്വൽഹബിൻ അബ്ദുല്ലാഹ്(), ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്വ്ؓ, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്ؓ അതുപോലെതന്നെ ധാരാളം മറ്റു ജലീലുൽഖദ്ർ സ്വഹാബിമാരും ഇസ്ലാം സ്വീകരിച്ചു. അദ്ദേഹത്തിന്റെ വ്യക്തിപരമായ നന്മയും തഖ്‌വയും കണ്ടുമുട്ടുന്ന എല്ലാവരേയും ആകർഷിച്ചിരുന്നു. അവിടത്തെ ജീവിതം നബിﷺതിരുമേനിക്കും പാവപ്പെട്ട മുസ്ലിമീങ്ങൾക്കുംവേണ്ടി സമർപ്പിച്ചുകഴിഞ്ഞിരുന്നു. ധാരാളം അടിമകളുടേയും വേലക്കാരുടെയും ജീവിതം, അവരുടെമേൽ അവരുടെ മുതലാളിമാർ അക്രമങ്ങൾ അഴിച്ചുവിടുമായിരുന്നു, അബൂബക്ർؓ മുഖേന സ്വാതന്ത്ര്യത്തിന്റെ അനുഗ്രഹം ആസ്വദിക്കുന്നവരായി. ആ അടിമകളിൽ ഹദ്റത്ത് ബിലാൽؓ, ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റؓ തുടങ്ങിയവരുമുണ്ടായിരുന്നു. അല്ലാഹുവുമായി ഇണങ്ങുന്നതിനുവേണ്ടി, ഹദ്റത്ത് അബൂബക്ർؓ തന്റെ വീടിന്റെ മുറ്റത്ത് ഒരു ചെറിയ മസ്ജിദ് ഉണ്ടാക്കിയിരുന്നു. അദ്ദേഹത്തിന്റെ ആരാധനയുടെ ദൃശ്യം എത്രമാത്രം ഹൃദയവർജ്ജകമായിരുന്നുവെന്നാൽ, ആളുകൾ പ്രത്യേകമായ നിലയിൽ അദ്ദേഹത്തെ കാണാൻ വരുമായിരുന്നു. ആകർഷിക്കപ്പെടാതെ പോകുമായിരുന്നില്ല. അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് ***ഖുൽ ഇന്ന സ്വലാത്തി വ നുസുക്കീ വ മഹ്‌യായ വമമാത്തീ ലില്ലാഹി റബ്ബിൻ ആലമീൻ*** ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

ഹദ്റത്ത് അബൂബക്ർؓ അല്ലാഹുവിനുവേണ്ടി ധനം ചെലവഴിക്കുന്നതിലും ദാന ധർമങ്ങൾ ചെയ്യുന്നതിലും എല്ലാ സ്വഹാബത്തിനെക്കാളും മുൻപന്തിയിലായിരുന്നു. തിർമുദിയിൽ വന്നിട്ടുള്ള ഹദീഥാണ്, ഒരിക്കൽ നബിﷺതിരുമേനി ഞങ്ങളോടു അല്ലാഹുവിന്റെ മാർഗത്തിൽ ദാനധർമങ്ങൾ കൊടുക്കാൻ കൽപിച്ചു. അപ്പോൾ ഹദ്റത്ത് ഉമർؓ പറഞ്ഞു:"ഇന്നേ ദിവസം ഞാൻ അബൂബക്റിനെക്കാൾ മുന്നിൽ പോകുന്നതായിരിക്കും." അങ്ങനെ ഹദ്റത്ത് ഉമർؓ വീട്ടിലെ പകുതി വസ്തുക്കളെടുത്തുകൊണ്ടുവന്നു. അപ്പോൾ നബിﷺതിരുമേനി ചോദിച്ചു: "എന്താണ് കൊണ്ടുവന്നത്?" 'അല്ലാഹുവിന്റെ ദൂതരേ! പകുതി സ്വത്ത്!' പിന്നെ ഹദ്റത്ത് അബൂബക്ർؓ ഒരു ചെറിയ കെട്ടുമെടുത്ത് നബിﷺതിരുമേനിയുടെ അടുത്തു വന്നു. അപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തോടു ചോദിച്ചു, 'അബൂബക്റേ! വീട്ടുകാർക്കുവേണ്ടി വീട്ടിൽ എന്തു വെച്ചിട്ടാണ് വന്നിട്ടുള്ളത്? അപ്പോൾ ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: ഞാൻ അല്ലാഹുവിനേയും അവന്റെ റസൂലിനേയും വീട്ടിൽ വെച്ചിട്ടാണ് വന്നിട്ടുള്ളത്! *(മിശ്ക്കാത്ത് പേജ് 554)* നബിﷺതിരുമേനിയുടെ അടുത്തു വന്നു. അപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തോടു ചോദിച്ചു, അബൂബക്റേ! വീട്ടുകാർക്കുവേണ്ടി വീട്ടിൽ എന്തു വെച്ചിട്ടാണ് വന്നിട്ടുള്ളത്? അപ്പോൾ ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു:"ഞാൻ അല്ലാഹുവിനേയും അവന്റെ റസൂലിനേയും വീട്ടിൽ വെച്ചിട്ടാണ് വന്നിട്ടുള്ളത്!"*(മിശ്ക്കാത്ത് പേജ് 554)*

മറ്റൊരു നിവേദനത്തിൽ വരുന്നു:'നബിﷺതിരുമേനി ഒരിടത്ത് പറയുന്നു, എനിക്ക് അബൂബക്റിന്റെ സ്വത്ത് എത്രമാത്രമാണോ പ്രയോജനപ്പെട്ടത് അത്ര മറ്റാരിൽനിന്നുമുണ്ടായിട്ടില്ല. നബിﷺതിരുമേനി പറഞ്ഞു: "ഞാൻ ദുൻയാവിലെ എല്ലാ നന്മ പ്രവർത്തിക്കുന്നവരുടേയും നന്മകൾക്ക് പ്രതിഫലം കൊടുത്തിട്ടുണ്ട്. എന്നാൽ, സ്വിദ്ദീഖെ അക്ബറിന്റെ നന്മകളുടെ പ്രതിഫലം അല്ലാഹു നല്കുന്നതായിരിക്കും."

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു:"നബിﷺതിരുമേനി ഹദ്റത്ത് അബൂബക്ർؓ ന് സ്വിദ്ദീഖ് എന്ന ബഹുമതി നല്കിയപ്പോൾ അദ്ദേഹത്തിൽ എന്തെന്തെല്ലാം ശ്രേഷ്ഠതകളാണുണ്ടായിരുന്നതെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ. നബിﷺതിരുമേനി ഇങ്ങനേയും പറഞ്ഞു:'ഹദ്റത്ത് അബൂബക്ർؓ ന്റെ ശ്രേഷ്ഠത അദ്ദേഹത്തിന്റെ മനസ്സിന്റെ ഉള്ളിലുള്ള കാര്യം കാരണത്താലാണ്. സൂക്ഷിച്ചു നോക്കുകയാണെങ്കിൽ യഥാർഥത്തിൽ ഹദ്റത്ത് അബൂബക്ർؓ ഏതൊരു സത്യസന്ധതയാണോ കാണിച്ചത് അതിനു തുല്യമായത് കിട്ടുക പ്രയാസമാണ്. സത്യമെന്താണെന്നാൽ, ഓരോ കാലഘട്ടത്തിലും ആരാണോ സ്വിദ്ദീഖിന്റെ ശ്രേഷ്ഠതകൾ കരസ്ഥമാക്കാനാഗ്രഹിക്കുന്നത്, അവർക്ക് ഹദ്റത്ത് അബൂബക്റിന്റെ സ്വഭാവത്തേയും പ്രകൃതിയേയും തന്റെ ഉള്ളിലുണ്ടാക്കുന്നതിനുവേണ്ടി കഴിയുന്നിടത്തോളം മുജാഹദ ചെയ്യേണ്ടതും ദുആകൾ മുഖേന പ്രവർത്തിക്കേണ്ടതും അനിവാര്യമാണ്. അബൂബക്റിന്റെ പ്രകൃതിയുടെ തണൽ തന്റെമേൽ ഇടാത്തിടത്തോളം അതേ വർണത്തിൽ വർണാഭമാകാത്തിടത്തോളം സ്വിദ്ദീഖീ ശ്രേഷ്ഠതകൾ കരസ്ഥമാകുകയില്ല.

ഹദ്റത്ത് സ്വിദ്ദീഖെ അക്ബറിന്റെ സ്വഭാവം റസൂലുല്ലാഹിﷺന്റെ അച്ചിൽ വാർത്തെടുത്തതായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ കർമങ്ങളും റസൂലിനെ പിൻപറ്റിയതിനേയും അനുധാവനം ചെയ്തതിനേയും വെളിപ്പെടുത്തുന്നതായിരുന്നു. ഒരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അബൂഹുറയ്റؓ വിവരിക്കുന്നു: 'നിങ്ങളിലാർക്കാണ് ഇന്നു നോമ്പുള്ളതെന്ന് റസുലുല്ലാഹിﷺ ചോദിച്ചു. ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: എനിക്ക്! നിങ്ങളിലാരാണ് ഇന്ന് ജനാസയിൽ പങ്കെടുത്തത്? ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: ഞാൻ! നിങ്ങളിലാരാണ് ഇന്ന് മിസ്കീന് ഭക്ഷണം നല്കിയത്? ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: ഞാൻ! നിങ്ങളിലാരാണ് ഇന്ന് രോഗിയെ സന്ദർശിച്ചത്?ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: ഞാൻ! അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:ഏതൊരുവ്യക്തിയിലാണോ ഈ എല്ലാ സ്വഭാവങ്ങളും ഒത്തുചേർന്നിട്ടുള്ളത് അയാൾ തീർച്ചയായും സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും.'(മുസ്ലിം ഹദീഥു നമ്പർ 1028)

മദീനഹിജ്റത്തിന്റെ അനുഗൃഹീത യാത്രയിൽ ഹദ്റത്ത് അബൂബക്ർؓ ഏതൊരു കൂറിന്റേയും ആത്മസമർപ്പണത്തിന്റേയും മാതൃകയാണോ കാഴ്ചവെച്ചത്, അതിന് സമാനതകളില്ല. തന്റെ രണ്ടു ഒട്ടകങ്ങളെ ആദ്യമെതന്നെ തയ്യാറാക്കി നിറുത്തിയിരുന്നു. അവയിൽ ഒരു ഒട്ടകം നബിﷺതിരുമേനിയുടെ സന്നിധിയിൽ പ്രതിഫലമൊന്നും കൂടാതെ സമർപ്പിച്ചു. എന്നാൽ, നബിﷺതിരുമേനി അത് വിലക്കുവാങ്ങി. ഹദ്റത്ത് അബൂബക്ർؓ 5000 ദിർഹമും വഴിച്ചെലവിന് എടുത്തിരുന്നു. പിന്നെ നബിﷺതിരുമേനിയുടെ കൂടെ

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമുസ്ലിമു അഖുൽമുസ്ലിമി."**

**ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്.**

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സലാമു ഖബ്‌ലൽകലാമി."**

**സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.**



ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

ഥൗർ ഗുഹയിൽ സഹവസിക്കാനും തൗഫീഖുകിട്ടി. അത് വിശുദ്ധ ഖുർആനിൽ എന്നെന്നേക്കുമായിരേഖപ്പെട്ടു. ***ഥാനിയഥ്നയ്നി ഇദ് ഹുമാ ഫിൽഗാറി ഇദ് യഖൂലു ലി സ്വാഹിബിഹീ ലാ തഹ്സൻ ഇന്നല്ലാഹ മഅനാ***(9:40) അദ്ദേഹം രണ്ടിലൊരാളായിരുന്നപ്പോൾ. അവർ രണ്ടുപേരും ആ ഗുഹയിലായിരുന്നപ്പോൾ,"നീ ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്" എന്ന് അദ്ദേഹം തന്റെ കൂട്ടുകാരനോടു പറയുകയായിരുന്നപ്പോൾ!

ഹിജ്റത്ത് യാത്രയിലെ സംഭവമാണ്. ഹദ്റത്ത് അബൂബക്ർؓഒരു അന്യാരാധകനായ സുറാഖ തങ്ങളെ പിന്തുടർന്നു വരുന്നത് കണ്ടപ്പോൾ കരയാൻ തുടങ്ങി. നബിﷺതിരുമേനി കാരണം ചോദിച്ചപ്പോൾ പറഞ്ഞു:' 'എന്റെ ജീവനെക്കുറിച്ചുള്ള ഭയം കൊണ്ടല്ല, അങ്ങയെ ഓർത്താണ് കരയുന്നത്. എന്റെ യജമാനർക്ക് വല്ല ബുദ്ധിമുട്ടുമുണ്ടാകുമോ എന്നോർത്ത്!"*(മുസ്നദ് അഹ്മദ്, വാല്യം 1, പേജ് 2, പ്രസാധനം മിസ്വ്ർ)*

ഥൗർ ഗുഹയിൽ പ്രവേശിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർؓഅവിടം മുഴുവൻ വൃത്തിയാക്കുകയും തേളിന്റേയും പാമ്പിന്റേയും ശല്യമുണ്ടാകാതിരിക്കാൻ ദ്വാരങ്ങളെല്ലാം അടയ്ക്കുകയും ചെയ്തു. ഒരു ദ്വാരം അടച്ചില്ല. അതു തന്റെ കാലുകൊണ്ട് മറച്ചു. നബിﷺതിരുമേനി ഹദ്റത്ത് അബൂബക്റിന്റെ തുടയിൽ തന്റെ അനുഗൃഹീത തലവെച്ചുകൊണ്ട് വിശ്രമിക്കുകയായിരുന്നു. ദ്വാരത്തിലുണ്ടായിരുന്ന ഒരു പാമ്പ് ഹ്ദറത്ത് അബൂബക്ർ സ്വിദ്ദീഖിന്റെ കാലിൽ കൊത്തി. പക്ഷേ, ആ സ്നേഹത്തിന്റെ ആൾരൂപം തന്റെ സ്നേഹത്തിനുമേൽ ആ ബുദ്ധിമുട്ടിനെ അതിജയിക്കാൻ വിട്ടില്ല. ബുദ്ധിമുട്ടും സ്നേഹവും സംഗമിച്ച കാരണത്താൽ അവിടത്തെ കണ്ണുകളിൽനിന്ന് അനിയന്ത്രിതമായി കണ്ണീരിറ്റാൻ തുടങ്ങി. റസൂലിനോടു എങ്ങനെയുള്ള പ്രേമമായിരുന്നു! അല്ലാഹുവിന്റെ റസൂലിനോടുള്ള ആ സ്നേഹംതന്നെയായിരുന്നു ഏതൊരു പതാകയുടെ കെട്ടാണോ റസൂലുല്ലാഹിﷺകെട്ടിയത്, ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്ؓആ കെട്ടഴിക്കാൻ തയ്യാറായില്ല.


ലോകത്ത് ഒരുപാട് പ്രേമികൾ കഴിഞ്ഞുകടന്നിട്ടുണ്ട്. പ്രേമഭാജനത്തിനുവേണ്ടി രാജകിരീടത്തെ കൂട്ടിമുട്ടിച്ചവരുമുണ്ടാകാം. പ്രേമഭാജനത്തിന്റെ സന്തോഷത്തിനുവേണ്ടി പ്രേമഭാജനം കാരണത്താൽ വിരിപ്പ് ശേഖരിച്ചവരുമുണ്ടാകും. കണ്ണുകൾ നിറയെ കണ്ടുകൊണ്ടിരിക്കുകയും അടുത്ത നിമിഷം ജീവൻ കുരിശിൽ തൂക്കിയിട്ടിരിക്കുന്നതും കാണാറുണ്ട്. എന്നാൽ, പൂർണമായ വകതിരിവ്, പൂർണമായ അനുഭവജ്ഞാനം, സ്ഥിരചിത്തത, ദൃഢനിശ്ചയം, തികഞ്ഞ ഐക്യത്തോടെ പ്രതിജ്ഞ നിറവേറ്റുക എന്നത് അബൂബക്റിന്റെ മാത്രം പ്രത്യേക ഗുണമായിരുന്നു. അതിന്റെ മുമ്പിൽ ലോകത്തിലെ സകല ചരിത്രവും മങ്ങിപ്പോകുന്നു. അദ്ദേഹം അനുരക്തിയും സ്നേഹവും എങ്ങനെ പ്രകടിപ്പിച്ചുവെന്നാൽ പുനരുദ്ധാന നാൾവരെയുള്ള നബിﷺതിരുമേനിയുടെ എല്ലാ പ്രേമികളും സ്നേഹത്തിൽ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖിؓനെ പിന്തുടർന്നുകൊണ്ടേയിരിക്കുന്നതാണ്. നബിﷺതിരുമേനിയോടു ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖിനുണ്ടായിരുന്ന അനുരക്തിയും സ്നേഹവും വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓവിവരിക്കുന്നു: "മക്കയിൽനിന്ന് മദീനയിലേക്കുള്ള ഹിജ്റത്തിന്റെ അവസരത്തിലും അവിടത്തെ വഫാത്തിന്റെ അവസരത്തിലും നബിﷺതിരുമേനിയോടുള്ള ഹദ്റത്ത് അബൂബക്ർؓന്റെ ബന്ധം ആസക്തപരമായിരുന്നു. നബിﷺതിരുമേനിക്ക് അവിടത്തെ വിയോഗത്തെ സംബന്ധിച്ച് വ്യംഗ്യമായ പരാമർശമുള്ള നസ്വ്ർ എന്ന അധ്യായം ഇറങ്ങിയപ്പോൾ അവിടന്ന് സ്വാഹാബത്തിനോടു പറഞ്ഞു, അല്ലാഹു തന്റെ ഒരു ദാസനോടു തന്റെ സഹവാസമോ ഭൗതികമായ അഭിവൃദ്ധിയോ ഏതെങ്കിലുമൊന്നെടുക്കാൻ അനുവാദം നല്കി. ഞാൻ അല്ലാഹുവിന്റെ സഹവാസത്തിന് മുൻഗണന നല്കി. എല്ലാ സ്വഹാബിമാരും അതിൽ അതിരറ്റ് സന്തോഷിച്ചു. പക്ഷേ, ഹദ്റത്ത് അബൂബക്ർؓനിലവിളിക്കുകയായിരുന്നു. അവിടന്ന് അസ്വസ്ഥനായി കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ!അങ്ങയുടെമേൽ ഞങ്ങളുടെ മാതാപിതാക്കളും ഭാര്യമരും കുട്ടികളുമെല്ലാം തെണ്ടമാണ്. ഞങ്ങൾ എല്ലാവസ്തുക്കളും ത്യാഗം ചെയ്യാൻ തയ്യാറാണ്. എപ്രകാരം നമ്മുടെ ഏതെങ്കിലും പ്രിയപ്പെട്ടവർ സുഖമില്ലാതാകുമ്പോൾ മൃഗബലി ചെയ്യുന്നതുപോലെ ഹദ്റത്ത് അബൂബക്ർؓതന്നേയും തന്റെ എല്ലാ പ്രിയപ്പെട്ടവരേയും ഖുർബാനി ചെയ്യുന്നതിന് നബിﷺതിരുമേനിക്ക് സമർപിച്ചു. ഹദ്റത്ത് ഉമർ ഉൾപ്പടെ എല്ലാ സ്വഹാബിമാരും ഹദ്റത്ത് അബൂബക്ർؓന്റെ കരച്ചിലിലും ഇപ്രകാരം സംസാരിക്കുന്നതിലും അത്ഭുതപ്പെട്ടു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:"അബൂബക്ർؓഎനിക്ക് എത്രമാത്രം പ്രിയപ്പെട്ടവനാണെന്നാൽ അല്ലാഹുവിനെക്കൂടാതെ ആരെയെങ്കിലും ഉറ്റ ചങ്ങാതിയാക്കുന്നത് അനുവദനീയമായിരുന്നെങ്കിൽ ഞാനദ്ദേഹത്തെ ഉറ്റചങ്ങാതിയാക്കുമായിരുന്നു. എന്നാൽ, ഇപ്പോഴും ഇദ്ദേഹം എന്റെ സ്നേഹിതനാണ്.' പിന്നീടു പറഞ്ഞു:"ഇന്നുമുതൽ മസ്ജിദിലേക്ക് തുറക്കുന്ന അബൂബക്റിന്റേതൊഴികെ മറ്റെല്ലാവരുടേയും ജനവാതിലുകൾ അടച്ചിടാൻ ഞാൻ കൽപിക്കുകയാണ്." ഇപ്രകാരം നബിﷺതിരുമേനി ഹദ്റത്ത് അബൂബക്ർؓനോടുള്ള തന്റെ അനുരക്തി പ്രകടിപ്പിച്ചു. കാരണം ആ ഇഷ്ടം പരിപൂർണമായിരുന്നു. അതാണ് അദ്ദേഹത്തോടു പറഞ്ഞത് ഈ വിജയത്തിന്റേയും സഹായത്തിന്റേയും വാർത്തയ്ക്കു പിന്നിൽ നബിﷺതിരുമേനിയുടെ മരണത്തിന്റെ വാർത്തയുണ്ടെന്ന്. അദ്ദേഹം ഉടനെ തന്റേയും തന്റെ ബന്ധുമിത്രാദികളുടേയും ജീവന്റെ ഫിദ്യ സമർപിച്ചു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓ പറയുന്നു: "ഹദീഥുകളിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും തമ്മിൽ ഏതോ കാര്യത്തിലേറ്റുമുട്ടി. ഹദ്റത്ത് അബൂബക്ർؓ കൂടുതൽ പ്രശ്നമുണ്ടാകരുതെന്നു കരുതി അവിടെനിന്ന് പോകാനൊരുങ്ങി. അപ്പോൾ ഹദ്റത്ത് ഉമർ തന്റെ ചോദ്യത്തിന് മറുപടി പറഞ്ഞിട്ട് പോയാൽ മതിയെന്നു പറഞ്ഞ് അദ്ദേഹത്തിന്റെ ജുബ്ബ പിടിച്ചു വലിച്ചു. അങ്ങനെ ഹദ്റത്ത് അബൂബക്ർؓന്റെ ജുബ്ബ കീറി. ഹദ്റത്ത് ഉമർؓ നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി തന്റെ തെറ്റ് സമ്മതിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു:"എന്നെ എല്ലാവരും നഷേധിച്ചിരുന്ന കാലത്ത് അബൂബക്ർ എന്നിൽ വിശ്വസിച്ചു. എല്ലാ രീതിയിലും എന്നെ സഹായിച്ചു." ഇതിന്നിടയിൽ ഹദ്റത്ത് അബൂബക്റും അവിടെയെത്തി. നബിﷺതിരുമേനിയുടെ ദ്വേഷം കണ്ടിട്ട് തന്റെ തെറ്റ് സമ്മതിക്കാൻ തുടങ്ങി. ഇതായിരുന്നു അബൂബക്റിന്റെ സ്നേഹം. നബിﷺതിരുമേനിയുടെ ബുദ്ധിമുട്ട് അദ്ദേഹത്തിന് സഹിക്കാൻ കഴിയുമായിരുന്നില്ല.

ഹദ്റത്ത് അബൂബക്ർؓനബിﷺതിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. അവിടന്ന് പങ്കെടുത്ത ഒരു യുദ്ധവും വിട്ടു കളഞ്ഞിരുന്നില്ല. അദ്ദേഹം നബിﷺതിരുമേനിയോടൊപ്പം ഉറച്ചു നിന്നു. തബൂക് യുദ്ധാവസരത്തിൽ നബിﷺതിരുമേനി തന്റെ മഹത്തായ പതാക ഹദ്റത്ത് അബൂബക്ർؓന് നല്കി. നുബുവ്വത്തിന്റെ തുടക്കം മുതൽ നബിയുടെ വഫാത്തുവരെ ജീവാർപണം ചെയ്ത് കൂടെനിന്നു. നബിﷺതിരുമേനിയെ ആസേവനങ്ങളും ത്യാഗങ്ങളും എത്രമാത്രം ആകർഷിച്ചിരുന്നുവെന്നാൽ അവിടന്ന് പറയാറുണ്ടായിരുന്നു, ജീവന്റേയും ധനത്തിന്റേയും അടിസ്ഥാനത്തിൽ എന്നിൽ അബൂബക്റിനെക്കാൾ കൂടുതൽ ആരുടേയും നന്മയില്ല.

നബിﷺതിരുമേനിയുടെ വഫാത്ത് സംഭവിച്ചപ്പോൾ ആളുകൾ വളരെ അസ്വസ്ഥരും ഭ്രാന്തരെപ്പോലുള്ളവരുമായിത്തീർന്നു. പക്ഷേ, അല്ലാഹു അബൂബക്ർ സ്വിദ്ദീഖ്ؓ മുഖേന അവർക്ക് സ്ഥൈര്യം പ്രദാനം ചെയ്തു. ആ അവസരത്തിൽ ഹദ്റത്ത് അബൂബക്ർؓമഹത്തായ നിലപാടാണ് സ്വീകരിച്ചത്. ചിന്നിച്ചിതറിക്കിടന്ന ഉമ്മത്തിനെ സംഘടിപ്പിച്ചു. അല്ലാഹുവിന്റെ ശബ്ദമായിക്കൊണ്ട് അദ്ദേഹം വിളംബരം ചെയ്തു: ***വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻഖബ്ലിഹിർറുസുൽ***(3:145) മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിനുമുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.

• ഹദീഥുന്നബവിﷺ •
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർത്ഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീഥുന്നബവിﷺ •
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ഈ ആത്മീയശബ്ദം കേട്ടപാടെ ഒന്നിനുപിറകെ ഒന്നായി മുഴുവൻ ഉമ്മത്തിന്റെ മനസ്സിലും എങ്ങനെയുള്ള സമാധാനമാണുണ്ടായതെന്നാൽ അവരുടെ മനസ്സ് തണുത്തുപോയി. ഹദ്റത്ത് ഉമർرضي الله عنهന് ഈ ആയത്തു കേട്ടിട്ട് തളർച്ചകൊണ്ട് നിൽക്കാൻ കഴിഞ്ഞില്ല. ദുഃഖഭാരത്തോടെ അവിടെ ഇരുന്നു കരഞ്ഞു.

നബിﷺതിരുമേനിയുടെ വഫാത്തിനുശേഷം ചിന്നിച്ചിതറിയ ഉമ്മത്തിനെ സംഘടിപ്പിച്ചു നിറുത്തുക എന്ന ഭാരിച്ച ചുമതലയും ഹദ്റത്ത് അബൂബക്റിന്റെ തലയിലായിരുന്നു. അദ്ദേഹം തകർന്നിരുന്ന ഉമ്മത്തിനെ ശരിയാക്കി. വീണടിഞ്ഞതിനെ നന്നാക്കി. ചിതറിപ്പോയവരെ ഒരുമിച്ചു കൂട്ടി.(താരീഖുൽ ഖുലഫാ,പേജ് 51-52)

അദ്ദേഹത്തിന്റെ ഖിലാഫത്തുകാലത്തുതന്നെയാണ് ഇസ്‌ലാം അറേബ്യയിലെ വലിയ വലിയ ഭരണകൂടങ്ങളുടെ ഭരണാധികാരികളാക്കപ്പെട്ടത്. ശാം വിജയവും ഇറാൻ വിജയവുമൊക്കെയുണ്ടായത്. മതപരിത്യാഗത്തിന്റെ ഉയർന്നുകൊണ്ടിരുന്ന ശബ്ദങ്ങൾ അവസാനിച്ചതും. അതുപോലെതന്നെ വിശുദ്ധ ഖുർആൻ ക്രോഡീകരണത്തിന്റെ മഹത്തായ സംരംഭം നടന്നതും ഇക്കാലത്തുതന്നെയാണ്. ഈ എല്ലാ ജോലികളും ഹദ്റത്ത് അബൂബക്ർرضي الله عنهന്റെ ഖിലാഫത്തുകാലത്ത് നടന്ന മഹത്തായ പ്രവർത്തനങ്ങളാണ്. ഈ സ്നേഹത്തിന്റെ ആൾരൂപം തന്റേതായതെല്ലാം അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി ത്യജിച്ചതിനുശേഷം തന്റെ റബ്ബിനെ തൃപ്തിപ്പെടുത്തിക്കൊണ്ട് രണ്ടേകാൽ വർഷത്തിനുശേഷം തന്റെ എല്ലാമെല്ലാമായ യജമാനന്റെ അടുക്കലേക്ക് യാത്രയായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ.*

## ഖാദിയാൻ ജാമിഅ അഹ്‌മദിയ്യായിൽ പ്രവേശനം!
## അഹ്‌മദി വിദ്യാർഥികൾ ശ്രദ്ധിക്കുക!

ഹദ്റത്ത് മസീഹ് മൗഊദ്عليه السلامസ്ഥാപിച്ച പരിശുദ്ധ സ്ഥാപനമാണ് ജാമിഅ അഹ്‌മദിയ്യ ഖാദിയാൻ. ഇവിടെനിന്ന് ഇതുവരെ നൂറുക്കണക്കിന് ഉലമായും മുബല്ലിഗുമാരും പഠനം പൂർത്തിയാക്കി ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ ലോകത്തിന്റെ കോണുകൾവരെ എത്തിക്കുന്നതിനുള്ള നിർബന്ധ കടമകൾ നിർവഹിച്ചുകൊണ്ടുവരുന്നു. സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലായും പല അവസരങ്ങളിലും അഹ്‌മദി വിദ്യാർഥികളെ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام സ്ഥാപിച്ച പരിശുദ്ധ സ്ഥാപനമായ ജാമിഅ അഹ്‌മദിയ്യ ഖാദിയാനിൽനിന്ന് പഠിച്ച് ജമാഅത്തിനുവേണ്ടി സേവനം ചെയ്യാൻ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അതിനാൽ ഹദ്റത്ത് സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖ്ഫീനെനൗവും വാഖ്ഫീനെനൗ അല്ലാത്തവരുമായ വിദ്യാർഥികൾ ജാമിഅ അഹ്‌മദിയ്യായിൽ പ്രവേശിച്ച് മതപരമായ വിദ്യാഭ്യാസം കരസ്ഥമാക്കി ജമാഅത്തിന്റെ സേവനത്തിന് ആത്മസമർപണം ചെയ്യേണ്ടതാണ്. അതിനാൽ ജാമിഅയിൽ ചേരാനാഗ്രഹിക്കുന്ന വിദ്യാർഥികൾ, ഭാരത് വഖ്ഫെ നൗ വകുപ്പുമായോ നള്ളാറത്ത് തഅ്ലീമുമായോ ബന്ധപ്പെടുക. ജാമിഅ അഹ്‌മദിയ്യ പ്രവേശനഫാറം വാങ്ങി പൂരിപ്പിച്ച് ജൂൺ 30-ാം തിയതിക്കുള്ളിൽ വഖ്ഫെനൗ ഭാരത് ഓഫീസിലേക്ക്(നള്ളാറത്ത് തഅ്ലീം)അയക്കുക.

**<u>പ്രവേശനത്തിനുള്ള നിബന്ധനകൾ</u>:**

1. എസ്സ്. എസ്സ്. എൽ. സി പാസായിട്ടുള്ള വിദ്യാർഥികളുടെ പ്രായപരിധി 17 വയസ്സ്. +1 പാസായിട്ടുള്ള വിദ്യാർഥികളുടെ പ്രായപരിധി 19 വയസ്സ്. പ്രായപരിധിയിൽ ഹാഫിളുമാർക്ക് ഇളവു നല്കുന്നതായിരിക്കും.
2. ജാമിഅ അഹ്‌മദിയ്യായിൽ പ്രവേശിക്കുന്നതിന് നാഷണൽ കാരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർഥികളുടെ ഇന്റർവ്യൂവും എഴുത്തുപരീക്ഷയും നടത്തിയായിരിക്കും വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത്. എഴുത്തു പരീക്ഷയിൽ വിശുദ്ധ ഖുർആൻ, ഇസ്‌ലാം, അഹ്‌മദിയ്യത്ത്, മതപരമായ വിജ്ഞാനങ്ങൾ, ഉർദു, ഇംഗ്ലീഷ്, പൊതുവിജ്ഞാനം തുടങ്ങിയവ അടിസ്ഥാനമാക്കി ചോദ്യങ്ങളുണ്ടായിരിക്കും.
3. എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും പാസാകുന്ന വിദ്യാർഥികൾ നൂർ ഹോസ്പിറ്റൽ ഖാദിയാനിൽനിന്ന് മെഡിക്കൽ ടെസ്റ്റ് നടത്തേണ്ടതാണ്. എഴുത്തു പരീക്ഷയിലും ഇന്റർവ്യുവിലും നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ നടത്തുന്ന മെഡിക്കൽ ടെസ്റ്റിലും പാസാകുന്ന വിദ്യാർഥികൾക്ക് സയ്യിദുനാ ഹുദൂർ അൻവറിന്റെ അനുമതിയോടെ ജാമിഅ അഹ്‌മദിയ്യായിൽ പ്രവേശനം ലഭിക്കുന്നതായിരിക്കും.
4. ഗ്രാജുവേഷൻ പാസായിട്ടുള്ള വിദ്യാർഥികൾക്ക് ജാമിഅ അഹ്‌മദിയ്യായിൽ പ്രവേശിക്കുന്നതിന് മുൻഗണന നല്കുന്നതായിരിക്കും. പ്രവേശന ഫാറം മെയിലിൽ ലഭ്യമാകുന്നതിനുള്ള മേൽവിലാസം:

waqfenaw@qadian.in
WAQF-E-NAU DEPARTMENT (NAZARAT TALEEM)
Darul Balaqh,CIVIL LINE, QADIAN
DISTRICT: GURUDASPUR, PUNJAB (INDIA) PIN:143 516
CONTACT: 01872-500975, 9988991775
(സ്വദ്ർ നാഷണൽ കാരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

## അഹ്‌മദി വിദ്യാർഥികൾ ശ്രദ്ധിക്കുക!
### അഹ്‌മദിയ്യ വൊക്കേഷണൽ ട്രൈനിംഗ് സെന്ററിൽ(ദാറുസ്സ്വനാഅത്ത്) പ്രവേശനം ആരംഭിച്ചിരിക്കുന്നു.
### (2025-2026)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ അനുമതിയോടും പ്രത്യേകമായ മാർഗനിർദേശത്തോടുംകൂടി 2010-ലാണ് ദാറുസ്സ്വനാഅത്ത് സ്ഥാപിതമായത്. ഈ സ്ഥാപനത്തിന്റെ പ്രത്യേക ഉദ്ദേശ്യം അഹ്‌മദി വിദ്യാർഥികളെ കലവൈഭവമുള്ളവരാക്കുകയും ടെക്നിക്കൽ കോഴ്സ് പഠിപ്പിച്ച് ജോലിക്കുള്ള അവസരമുണ്ടാക്കിക്കൊടുക്കുകയുമാണ്. ദാറുസ്സ്വനാഅത്ത് ഖാദിയാൻ സർക്കാർ സ്ഥാപനമായ എൻ.എസ്.സി.ഡൽഹി, ഐ എസ്സ് ഒ, എന്നിവയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇതിൽ ഒരു വർഷത്തെ താഴെ പറയുന്ന കോഴ്സ് ചെയ്യിക്കുന്നു:

(1) Computer applications (2) Plumbing (3) Electrician (4) Welding (5) Motor Vehicle(6) Diesel Mechanic(7) A/C& Refrigerator

ഖാദിയാന് പുറത്തുനിന്നുവരുന്ന അഹ്‌മദി വിദ്യാർഥികൾക്ക് മെസ്സിന്റേയും ഹോസ്റ്റലിന്റേയും സൗകര്യമുണ്ടായിരിക്കും. താമസത്തിനും ഭക്ഷണത്തിനും ഫീസൊന്നുമുണ്ടായിരിക്കുന്നതല്ല. കോഴ്സിന്റെ ബോർഡ് ഫീ മാത്രമാണ് ലളിതമായ ഗഡുക്കളിൽ ഈടാക്കുന്നത്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത യുവാക്കൾ അല്ലെങ്കിൽ 8-നും 10-നും ശേഷം ടെക്നിക്കൽ കോഴ്സ് ചെയ്യാൻ താൽപര്യമുള്ളവർ പ്രവേശനത്തിന് എത്രയും വേഗം ബന്ധപ്പെടുക. അഹ്‌മദി കുട്ടികളുടെ മതവിദ്യാഭ്യാസത്തിനുള്ള സംവിധാനവുമുണ്ട്. ഇതിനുപുറമെ നിത്യവും English Speaking, Personality Development തുടങ്ങിയ ക്ലാസ്സുകളും എടുക്കുന്നതായിരിക്കും. 2025-2026, പുതിയസെഷനിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഇതിന്റെ ക്ലാസ്സ് 2025 ജൂലായ് 16-ന് ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന Emai-l.id-യിൽ ബന്ധപ്പെടാവുന്നതാണ്.

darulsanaat.qadian@gmail.com
ഫോൺ : 9872725895, 8604024043
(പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ)

## • ഹദീഥുന്നബ്‌വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

## ചിന്തിക്കുന്നവർക്ക് സന്ദേശം

**വലൗ അന്ന ഖൗമീ ആനസൂനീ ല അഫ്‌ലഹൂ**
**മിനദ്ദുല്ലി ഫിദ്ദുൻയാ വഫിദ്ദീനി ഉസ്സിറൂ**
**വലാക്കിൻ ഖുലൂബുൻ ബിൽയഹൂദി തശാബഹത്ത്**
**വ ഹാദ ഹുവന്നബ്ഉല്ലദീ ജാഅ ഫദ്കുറൂ**
**ഫ സ്വിർത്തുലഹും ഈസാ ഇദാ മാ തഹവ്വദൂ**
**വ ഹാദാ കഫാ മിന്നീ ലിഖൗമിൻ തഫക്കറൂ**

'എന്റെ ജനം എന്നെ കണ്ടറിഞ്ഞ് സ്വീകരിച്ചിരുന്നെങ്കിൽ,
ദുൻയാവിന്റെ എളിമയിൽനിന്ന് അവർ മോചിതരാകുകയും
ദീനിൽ അവർക്ക് സഹായം ലഭിക്കുകയും അങ്ങനെ
അവർ വിജയം വരിക്കുകയും ചെയ്യുമായിരുന്നു.
പക്ഷേ, ചില ഹൃദയങ്ങൾ യഹൂദികളോടു സാമ്യമുള്ളവയായി.
ഇതാകട്ടെ ആ പറയപ്പെട്ട പ്രവചനങ്ങളിൽ ഉള്ളതാകുന്നു.
അതിനാൽ നിങ്ങൾ ഓർമിക്കുവിൻ
അങ്ങനെ അവർ യഹൂദികളായിത്തീർന്നപ്പോൾ
ഞാൻ അവർക്ക് ഈസാ ആയി വന്നു.
എന്നെ കുറിച്ച് ചിന്തിക്കുന്നവർക്ക് ഇക്കാര്യം മതിയായതാണ്.

**ബറാഹീനെ അഹ്‌മദിയ്യ,**
**ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ്(അ)**

**130-ാമത് ജൽസാ സാലാന, ഖാദിയാൻ 2025**
**ഡിസംബർ 26,27,28 (വെള്ളി, ശനി, ഞായർ)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 5 June 2025 Issue-23

MANAGER
SHAIKH MUJAHID AHMAD
Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അബൂബക്ർ(റ)ന്റെ വ്യക്തിത്വം

നബിമാർ അഥവാ പ്രവാചകന്മാർക്കുശേഷം മനുഷ്യരിലേറ്റവും ഉത്തമനായിരുന്നു ഹദ്റത്ത് സ്വിദ്ദീഖുൽ അക്ബർؓ. അദ്ദേഹത്തെ നബിﷺതിരുമേനി തന്റെ ഉറ്റമിത്രമാക്കാനാഗ്രഹിച്ചിരുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ അദ്ദേഹത്തെ സംബന്ധിച്ച് സത്യത്തെ പിന്തുണയ്ക്കുന്നവനെന്നും ന്യായത്തിന്റേയും സത്യത്തിന്റേയും ആൾരൂപംമെന്നും പ്രതിച്ഛായയെന്നും പറഞ്ഞിട്ടുണ്ട്. അദ്ദേഹം ജാഹിലിയ കാലഘട്ടത്തിലും മദ്യപാനം, ചൂതാട്ടം, വിരോധിക്കപ്പെട്ടകാര്യങ്ങൾ തുടങ്ങിയവയിൽനിന്നെല്ലാം വേറിട്ടുനിന്നു. അദ്ദേഹത്തെ കുറിച്ച് ഹദ്റത്ത് ഉമർؓ പറഞ്ഞു:"നബിﷺതിരുമേനി മുസ്‌ലിമീങ്ങളുടെ ഇമാമത്തിന് നിശ്ചയിച്ചതും ജന്നത്തിലെ എല്ലാ വാതിലുകളിലൂടേയും പ്രവേശിക്കാൻ ക്ഷണിക്കപ്പെടുമെന്ന് പറഞ്ഞതും ആരെക്കുറിച്ചാണോ ആ വ്യക്തി ഇസ്‌ലാമിനേയും ഇസ്‌ലാമിന്റെ പ്രവാചകനേയും എത്രത്തോളം സഹായിച്ചുവെന്നാൽ, അദ്ദേഹത്തിന്റെ നന്മകളുടെ പ്രതിഫലം അല്ലാഹുതന്നെ നല്കുമെന്ന് നബിﷺതിരുമേനി നേരിട്ട് പറഞ്ഞിട്ടുള്ള അദ്ദേഹത്തിന്റെ പദവിയിലും നിലയിലുമെത്താൻ എനിക്കൊരിക്കലും സാധിക്കുകയില്ല."

നബിﷺതിരുമേനിയുടെ ദർബാറിലെ കവിയായിരുന്ന ഹസ്സാൻ ബിൻ ഥാബിത്ത് അൻസ്വാരിؓ, ഹദ്റത്ത് അബൂബക്റിനെ കുറിച്ചു പറഞ്ഞു:"നിങ്ങളുടെ മനസ്സിൽ എന്തെങ്കിലും വേദനാജനകമായ ഓർമ നിങ്ങളുടെ ഏതെങ്കിലും ഉത്തമനായ സുഹൃത്തിനെ സംബന്ധിച്ചുണ്ടായാൽ നിങ്ങളുടെ സഹോദരൻ അബൂബക്റിനേയും അദ്ദേഹത്തിന്റെ സ്മരണാർഹമായ ആസശേഷഗുണങ്ങൾ കാരണത്താൽ സ്മരിച്ചുകൊള്ളുക. അദ്ദേഹം നബിﷺതിരുമേനിക്കുശേഷം എല്ലാവരിലുംവച്ച് കൂടുതൽ മുത്തഖിയും ഏറ്റവുമധികം നീതിബോധമുള്ള ആളുമായിരുന്നു. താൻ വഹിച്ചിരുന്ന ചുമതലകൾ ഏറ്റവുമധികം നിറവേറ്റുന്നയാളുമായിരുന്നു. നബിﷺതിരുമേനിയോടൊപ്പം അബൂബക്ർؓഥൗർ ഗുഹയിലുണ്ടായിരുന്ന രണ്ടാമത്തെ മനുഷ്യനായിരുന്നു. അദ്ദേഹം സ്വയമേവ അവിടത്തെ അനുധാവനത്തിൽ തന്നെ പൂർണമായും ലയിപ്പിച്ചുവെച്ചിരുന്നു. അദ്ദേഹം ഏതൊരു ജോലിയിൽ കൈവെച്ചാലും അതിനെ മനോഹരമാക്കുമായിരുന്നു. അദ്ദേഹം നബിﷺതിരുമേനിയിൽ വിശ്വസിച്ചവരിൽ ഒന്നാമനായിരുന്നു.

ഈ സ്വിദ്ദീഖുൽഅക്ബർ ഇസ്‌ലാമിന്റെ മാന്യനായ പുരുഷനായിരുന്നു. ഇദ്ദേഹം മുഖേന അല്ലാഹു ലോകത്തിന് റസൂലിനോടുള്ള സ്നേഹം, റസൂലിനോടുള്ള അനുസരണം, സഹിഷ്ണുത, ക്ഷമ, പൗരുഷം, ഇസ്‌ലാമിനോടുള്ള സ്നേഹം, നന്മ, സൽപെരുമാറ്റത്തിന്റെ മഹത്തായ മാതൃകകൾ സ്ഥാപിക്കണമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്ؑതന്റെ അറബി ഖസ്വീദയിൽ ഹദ്റത്ത് അബൂബക്ർؓനെ കുറിച്ച് പറയുന്നു: അതിന്റെ തർജമ ഇപ്രകാരമാണ്. "അദ്ദേഹം അല്ലാഹുവിന്റെ നബിയുടെയടുക്കൽ സത്യഹൃദയത്തോടെ വന്നു. പ്രകാശമാനമാക്കപ്പെട്ടു. വൈമനസ്യമുണ്ടാക്കുന്ന അന്ധകാരത്തിന്റെ ഒരു സ്വാധീനവും അവശേഷിച്ചില്ല. അദ്ദേഹം അനുസരിച്ചുകൊണ്ട് തീവ്രാഭിലാഷത്തിന്റെ ചിറകുകളോടുകൂടി പറക്കുകയും ആദരണീയനായ നബിയുടെ വലംകൈയാകുകയും ചെയ്തു. ഞങ്ങളും നിങ്ങളും ഇന്ന് തോട്ടങ്ങളിൽ സന്തോഷിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം യുദ്ധമൈതാനത്ത് പുനരുഥാന നാൾപോലെ ഹാജറായിരുന്നു. അദ്ദേഹം നിഷ്കളങ്കമായ നിയ്യത്തോടെ അല്ലാഹുവിനുവേണ്ടി ജന്മനാടിനോടുള്ള സ്നേഹം ഉപേക്ഷിച്ചു നബിﷺതിരുമേനിയുടെ അടുത്ത് ഒരു അനുരക്തനായ പ്രേമിയെപോലെ വന്നു."(സിർറുൽഖിലാഫ പേജ് 182)

ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്ؓന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഉഥ്മാൻ ബിൻ ആമിർ എന്നായിരുന്നു പിതാവിന്റെ പേര്. സംജ്ഞാനാമമായിരുന്നു അബൂബക്ർ. അദ്ദേഹത്തിന്റെ ഉപനാമം അത്തീഖ് എന്നും സ്വിദ്ദീഖ് എന്നുമായിരുന്നു. അദ്ദേഹം ജനിച്ചത് 573 - ലായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് സൽമ ബിൻത് സ്വഹ്ർ ബിൻ ആമിർ എന്നായിരുന്നു.

ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖിന്റെ തൊഴിലിനേയും സ്ഥലത്തേയും സംബന്ധിച്ച് ത്വബരി എന്ന ചരിത്രഗ്രന്ഥത്തിലെഴുതിയിരിക്കുന്നു: അബൂബക്ർ തന്റെ ജനതയിൽ സ്വീകാര്യനും പ്രിയപ്പെട്ടവനുമായിരുന്നു. അദ്ദേഹം മൃദുലപ്രകൃതനായിരുന്നു. അദ്ദേഹത്തിന്റെ വംശാവലിയും അതിന്റെ നല്ലതും തീയതും ഏറ്റവും കൂടുതൽ അറിയുന്ന ആളായിരുന്നു. അദ്ദേഹം കച്ചവടക്കാരനായിരുന്നു. സൽസ്വഭാവിയും നന്മളുടെ ഉടമയുമായിരുന്നു. ഈ അധികമായ കാര്യങ്ങളുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ ജനതയിലെ ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽ വരാറുണ്ടായിരുന്നു. അദ്ദേഹത്തെ സ്നേഹിച്ചിരുന്നു; അദ്ദേഹത്തിന്റെ പരിചയസമ്പത്തു കാരണത്താലും അദ്ദേഹത്തിന്റെ നല്ല മജ്‌ലിസുകൾ കാരണത്താലും! *(താരീഖ് ത്വബരി, വാള്യം 1, പേജ് 540)*

അദ്ദേഹത്തിന്റെ ഇസ്‌ലാംമത സ്വീകരണത്തെ സംബന്ധിച്ച് ധാരാളം സംഭവങ്ങൾ നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അതിൽ ചിലത് താഴെ വിവരിക്കുകയാണ്.

ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്ؓഹദ്റത്ത് അബൂബക്റിന്റെ ഇസ്‌ലാംമത സ്വീകരണത്തെ സംബന്ധിച്ചുള്ള സംഭവം വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഇപ്രകാരം വിവരിക്കുന്നു: "നബിﷺതിരുമേനി നുബുവ്വത്ത് വാദം പുറപ്പെടുവിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ വെളിയിൽ എവിടെയോ പോയിരിക്കുകയായിരുന്നു. തിരിച്ചുവന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു അടിമസ്ത്രീ അദ്ദേഹത്തോടു പറഞ്ഞു: 'അങ്ങയുടെ സ്നേഹിതൻ(നഊദുബില്ലാഹ്) ഭ്രാന്തനായിരിക്കുന്നു. അയാൾ കേട്ടുകേൾവിയില്ലാത്ത കാര്യങ്ങളാണ് പറയുന്നത്. അയാളിൽ ആകാശത്തുനിന്ന് മാലാഖമാർ ഇറങ്ങുന്നുവത്രെ." ഹദ്റത്ത് അബൂബക്ർؓഉടൻതന്നെ അവിടെന്നെഴുന്നേറ്റ് നബിﷺതിരുമേനിയുടെ വീട്ടിലെത്തുകയും ചെയ്തു. വീട്ടിൽച്ചെന്ന് വാതിലിൽ മുട്ടിവിളിച്ചു. നബിﷺതിരുമേനി വെളിയിൽ വന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു, 'അങ്ങ് വ്യാഖ്യാനിക്കേണ്ട ആവശ്യമൊന്നുമില്ല. എന്നോട് ഇത്രമാത്രം പറയുക, അല്ലാഹുവിന്റെ മലക്കുകൾ അങ്ങയിൽ ഇറങ്ങുന്നുവെന്നും അങ്ങയോടു സംസാരിക്കുന്നുവെന്നും അങ്ങ് പറഞ്ഞുവോ?" അബദ്ധം പിണയേണ്ടെന്നു കരുതി നബിﷺതിരുമേനി അദ്ദേഹത്തിന് കാര്യം വിശദീകരിച്ചു കൊടുക്കാനാഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: 'അങ്ങ് വ്യാഖ്യാനിക്കേണ്ട, ഇക്കാര്യം അങ്ങ് പറഞ്ഞുവോ എന്നുമാത്രം എന്നോടു പറയുക.' പിന്നീട് നബിﷺതിരുമേനി മുഖവുര എന്ന നിലയിൽ സംസാരിക്കാനാഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് അബൂബക്ർ ؓപറഞ്ഞു: 'വേണ്ട വേണ്ട. അങ്ങ് ഇപ്പറഞ്ഞ കാര്യം ശരിയാണോ എന്നുമാത്രം പറഞ്ഞാൽ മതി.' നബിﷺതിരുമേനി പറഞ്ഞു: "ശരിതന്നെയാണ്." അപ്പോൾ ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: 'ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു.' പിന്നീട് അദ്ദേഹം പറഞ്ഞു: 'നബിﷺതിരുമേനി തെളിവുകൾ പറയാൻ പോയപ്പോൾ ഞാൻ വേണ്ടെന്നു പറഞ്ഞ് തടഞ്ഞത് എന്റെ ഈമാനിന്റെ അടിത്തറ നേരിട്ട് കണ്ടതിലാ യിരക്കണം. അത് തെളിവുകളിലാകരുതെന്നതുകൊണ്ടാണ്. എന്തുകൊണ്ടെന്നാൽ, നബിﷺ തിരുമേനിയെ സത്യവാനും വഴികാട്ടിയുമായി അംഗീകരിച്ചതിനുശേഷം ഏതെങ്കിലും തെളിവിന്റെ ആവശ്യംതന്നെ ഉദിക്കുന്നില്ല. ഏതൊരു കാര്യത്തെയാണോ മക്കക്കാർ ഒളിപ്പിച്ചുവെച്ചത് അതിനെ ഹദ്റത്ത് അബൂബക്ർؓതന്റെ കർമംകൊണ്ട് വ്യക്തമാക്കിക്കാണിച്ചു." *(തഫ്സീറെ കബീർ, വാള്യം 2, പേജ് 251)*

നബിﷺതിരുമേനി പറഞ്ഞു: "ഞാൻ ആരെയൊക്കെയാണോ ഇസ്‌ലാമിലേക്ക് ക്ഷണിച്ചത് അവർക്കൊക്കെ തീർച്ചയായും മടിയുണ്ടായിട്ടുണ്ട്, അബൂബക്ർ ഒഴികെ. ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ഇസ്‌ലാം സമർപ്പിച്ചപ്പോൾ അദ്ദേഹം അൽപംപോലും മടികാണിച്ചില്ല." *(ഇബ്നുഹിശാം, വാള്യം 1, പേജ് 267)*

ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന്റെമേൽ അക്രമങ്ങളുണ്ടാകാൻ തുടങ്ങി. പലരീതിയിലുള്ള അക്രമങ്ങളും ദ്രോഹങ്ങളും അദ്ദേഹത്തോടു ചെയ്തു. നേരായപാതയിൽ

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin